بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 30

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 സെപ്റ്റംബർ 29/ഹി:ശം:1395 തബൂക് 29/ഹി:ഖ: 1437 ദുൽഹജ്ജ് 26

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മു അ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹു ല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സു ഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ് മിനീൻ 2016 ആഗസ്റ്റ് 26ന് മസ്ജിദ് ബയ്ത്തു ൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്ബ നി ർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോ ഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എ പ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണ യും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാ രിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**അല്ലാഹുവിന്റെ റസൂൽ മുഖേന ലഭിക്കുന്ന ഈമാനാണ് അനുഗൃഹീതവും അപകടമുക്തവുമായ ഈമാൻ. കാരണം ആ ഈമാൻ കേവലം അല്ലാഹുവിന്റെ അസ്തിത്വത്തിന്റെ ആവശ്യമുണ്ടെന്നുള്ള പരിധിയിൽ നിറുത്താതെ നൂറുക്കണക്കിന് ദൈവദൃഷ്ടാന്തങ്ങൾ അവനെ ദൈവമുണ്ടെന്നുള്ള അവസ്ഥവരെ എത്തിക്കുന്നു.**

**യഥാർഥ കാര്യമെന്താണെന്നു വച്ചാൽ അല്ലാഹുവിലുള്ള വിശ്വാസം ദൃഢമാക്കുന്നതിന് നബിമാർ അലയ്ഹിമുസ്സലാമിൽ വിശ്വസിക്കേണ്ടത് ആപ്പു പോലെയാണ്. അല്ലാഹുവിലുള്ള ഈമാൻ നിലകൊള്ളുന്നത് റസൂലിലുള്ള വിശ്വാസം നിലനില്ക്കുവോളമാണ്. റസൂലിൽ വിശ്വാസമില്ലാതെ അല്ലാഹുവിൽ വിശ്വസിച്ചാലും എന്തെങ്കിലും ആപത്ത് വന്നെത്തുന്നതാണ്. ശുഷ്കമായ തൗഹീദ് മനുഷ്യനെ അതിവേഗം വഴികേടിലിടുന്നതാണ**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ചോദ്യം(3)**: ജനാബെ ആലീ അബ്ദുൽ ഹക്കീം ഖാന് എഴുതിയ കത്തിൽ സ്വാഭാവികമായ വിശ്വാസം ശാപപര മായ കാര്യമാണെന്നെഴുതിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം മനസ്സിലായില്ല.

**മറുപടി**: ഞാൻ എഴുതിയതിന്റെ ചുരുക്കമിതാണ്: അല്ലാ ഹുവിന്റെ റസൂൽ മുഖേന ലഭിക്കാത്ത ഈമാനിന്റേയും തത്ത്വചിന്തകരുടെ ഈമാൻപോലെ കേവലം മാനുഷിക മായ പ്രകൃതി അല്ലാഹുവിന്റെ അസ്തിത്വത്തിന്റെ ആവശ്യം ബോധ്യപ്പെടുന്നതിന്റേയും അവസാനത്തെ ഫലം അധി കവും ശാപംതന്നെയായിരിക്കും. കാരണം അത്തരം ഈമാൻ ഇരുട്ടിൽനിന്ന് മുക്തമായിരിക്കുകയില്ല. അതു കൊണ്ട് അക്കൂട്ടർ വേഗം തങ്ങളുടെ ഈമാനിൽനിന്ന് തെന്നിമാറി നിരീശ്വരവാദികളായിത്തീരുന്നു. ആദ്യം പ്രകൃ തിയുടെ ഏടുകളിലും പ്രകൃതി നിയമങ്ങളിലും സമ്മർദം ചെലുത്തുന്നു. എന്നാൽ, രിസാലത്തിന്റെ ദീപവെളിച്ചം കൂടെ ഇല്ലാത്തതിനാൽ വേഗം ഇരുട്ടിൽ അകപ്പെട്ട് വഴിപി ഴച്ചുപോകുന്നു. അല്ലാഹുവിന്റെ റസൂൽ മുഖേന ലഭി ക്കുന്ന ഈമാനാണ് അനുഗൃഹീതവും അപകടമുക്ത വുമായ ഈമാൻ. കാരണം ആ ഈമാൻ കേവലം അല്ലാ ഹുവിന്റെ അസ്തിത്വത്തിന്റെ ആവശ്യമുണ്ടെന്നുള്ള പ രിധിയിൽ നിറുത്താതെ നൂറുക്കണക്കിന് ദൈവദൃഷ്ടാ ന്തങ്ങൾ അവനെ ദൈവമുണ്ടെന്നുള്ള അവസ്ഥവരെ എത്തിക്കുന്നു. യഥാർഥ കാര്യമെന്താണെന്നു വച്ചാൽ അല്ലാഹുവിലുള്ള വിശ്വാസം ദൃഢമാക്കുന്നതിന് നബി മാർ അലയ്ഹിമുസ്സലാമിൽ വിശ്വസിക്കേണ്ടത് ആപ്പു പോ ലെയാണ്. അല്ലാഹുവിലുള്ള ഈമാൻ നിലകൊള്ളുന്നത് റസൂലിലുള്ള വിശ്വാസം നിലനില്ക്കുവോളമാണ്. റസൂ ലിൽ വിശ്വാസമില്ലാതെ അല്ലാഹുവിൽ വിശ്വസിച്ചാലും എന്തെങ്കിലും ആപത്ത് വന്നെത്തുന്നതാണ്. ശുഷ്കമായ തൗഹീദ് മനുഷ്യനെ അതിവേഗം വഴികേടിലിടുന്നതാ ണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പ്രകൃതിപരമായ ഈമാൻ ശാപമാണെന്ന്. അതിന്റെ അടിത്തറ കേവലം പ്രകൃതിയുടെ ഏടുകളിലാണ്. അതിന്റെ അടിത്തറ വെ റും പ്രകൃതിയിലാണ്. റസൂലിന്റെ പ്രകാശത്താൽ ലഭി ക്കുന്നതല്ല. അവസാനം അവനെ ശപ്ത ചിന്താഗതിവരെ കൊണ്ടെത്തിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു വിന്റെ റസൂലിനെ വിട്ടുകൊണ്ടും റസൂലിന്റെ മുഅ്ജിസ ത്തുകൾ ഉപേക്ഷിച്ചുകൊണ്ടും ആരുടെ ഈമാനാണോ വെറും പ്രകൃതിപരമായ അടിസ്ഥാനത്തിലുള്ളത് അത് മൺകട്ടകൊണ്ടുള്ള ഭിത്തിയാണ്; അത് ഇന്നും നശിച്ചു. നാ ളേയും നശിക്കും. അല്ലാഹുവിന്റെ റസൂലിനെ തിരിച്ചറി ഞ്ഞതിനുശേഷം ലഭിക്കുന്നതാണ് യഥാർഥ ഈമാൻ. ആ ഈമാനിന് അധഃപതനം ഉണ്ടാകുകയില്ല. അതിന്റെ പര്യവ സാനം മോശമായിരിക്കുകയുമില്ല. ആരാണോ ഉപരിപ്ലവ മായ നിലയിൽ റസൂലിനെ പിൻപറ്റുന്നവനും റസൂലിനെ തിരിച്ചറിയാതിരുന്നവനും റസൂലിന്റെ പ്രകാശങ്ങളിൽനി ന്ന് വിവരം ലഭിക്കാതിരുന്നവനുമായത് അവന്റെ ഈമാനും ഒരു വസ്തുവുമല്ല. അവസാനം തീർച്ചയായും അവൻ മതപരിത്യാഗിയാകുന്നതാണ്. മുസയ്ലിമത്തൽ കദ്ദാബ്, അബ്ദുല്ലാഹ് ബിൻ അബീ സർഹ്, ഉബയ്ദുല്ലാഹ് ബിൻ ജഹ്ശ് തുടങ്ങിയവർ നബി(സ)തിരുമേനിയുടെ കാലത്തും യഹോദ അസ്കരിയോത്തിയും 500 മറ്റു ക്രിസ്ത്യാനികളും ഹദ്റത്ത് ഈസാ(അ)ന്റെ കാലത്തും ജമ്മുക്കാരനായ ചിരാ ഗ്ദീനും അബ്ദുൽ ഹക്കീം ഖാനും നമ്മുടെ ഇക്കാലഘട്ട ത്തിലും മുർത്തദ്ദായിപോയതുപോലെ.

**ചോദ്യം(4)**: ആദ്യത്തെ ഗ്രന്ഥങ്ങളായ ഇസാലയെ ഔഹാം തുടങ്ങിയവയിൽ ഭൂകമ്പങ്ങൾ വരും പകർച്ചവ്യാധികൾ പ ടരും യുദ്ധങ്ങളുണ്ടാകും വരൾച്ച ഉണ്ടാകും തുടങ്ങിയ പ്ര വചനങ്ങൾ എഴുതിയിരിക്കുന്നു. എന്നാൽ, ഇപ്പോൾ പല ഗ്രന്ഥങ്ങളിലും അതേ പ്രവചനങ്ങളെ മഹത്തായപ്രവചന ങ്ങൾ എന്നു പറഞ്ഞിരിക്കുന്നു.1

**മറുപടി**: അതേ പ്രവചനങ്ങളെ ഞാൻ മഹത്തായപ്രവച നങ്ങൾ എന്നു പറഞ്ഞിരിക്കുന്നുവെന്നത് ശരിയല്ല. എല്ലാ ഓരോ വസ്തുവിന്റേയും മഹത്ത്വമോ മഹത്ത്വമില്ലായ്മയോ അതിന്റെ അളവിൽനിന്നും സ്ഥിതിഗതികളിൽനിന്നും അതുപോലെതന്നെ അതിന്റെ പ്രത്യേകമായ അവസ്ഥക ളിൽനിന്നോ സാധാരണ അവസ്ഥകളിൽനിന്നോ ആണ് പ്ര കടമാകുന്നത്. ഹദ്റത്ത് ഈസാ (അ)ഏതൊരു രാജ്യത്ത് പ്ലേഗും ഭൂകമ്പങ്ങളും വരുമെന്നാണോ പറഞ്ഞിരുന്നത്, മിക്കപ്പോഴും പ്ലേഗ് പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്ന രാജ്യമാണത്. കശ്മീറിനെപോലെ അവിടെ ഭൂകമ്പങ്ങളും വന്നുകൊണ്ടിരിക്കുന്നു. വരൾച്ചയുമുണ്ടാകുന്നു. കലാപ ങ്ങളുടെ പരമ്പരയും നടന്നു വന്നിരുന്നു. ഹദ്റത്ത് മസീ ഹിന്റെ പ്രവചനങ്ങളിൽ അസാധാരണമായ ഭൂകമ്പങ്ങളെ കുറിച്ചോ അസാധാരണമായ പകർച്ചവ്യാധിയെക്കുറിച്ചോ പ്ലേഗിനെക്കുറിച്ചോ പറയുന്നില്ല. ഇങ്ങനെ വരുമ്പോൾ ഒരു ബുദ്ധിമാനും അത്തരം പ്രവചനങ്ങളെ മഹത്വത്തോടും മാനത്തോടുമുള്ള ദൃഷ്ടിയോടെ നോക്കിക്കാണാൻ സാധി ക്കുകയില്ല.2എന്നാൽ, ഏതൊരു രാജ്യത്താണോ പ്ലേഗ് വരുമെന്നും ശക്തമായ ഭൂകമ്പമുണ്ടാകുമെന്നും ഞാൻ പറഞ്ഞത് അത് ആരാജ്യത്തിന്റെ അവസ്ഥയുടെ അടി സ്ഥാനത്തിൽ വാസ്തവത്തിൽ മഹത്തായ പ്രവചനമാണ്. കാരണം ഈ രാജ്യത്തിന്റെ നൂറ്റാണ്ടുകളുടെ ചരിത്രം പരി ശോധിച്ചാലും അവിടെ എപ്പോഴെങ്കിലും പ്ലേഗുണ്ടായതായി തെളിയുകയില്ല; പിന്നെയല്ലെ കുറച്ചുകാലംകൊണ്ട് ലക്ഷ ക്കണക്കിന് ആളുകളെ നശിപ്പിച്ച രീതിയിലുള്ള പ്ലേഗു ണ്ടായി എന്നു പറയാൻ! പ്ലേഗിനെക്കുറിച്ചുള്ള എന്റെ പ്ര വചനത്തിലെ വാക്കുകൾ ഇതാണ്: 'രാജ്യത്തിലെ ഒരു ഭാഗവും പ്ലേഗിൽനിന്ന് കാലിയായി ഇരിക്കുകയില്ല. ശക്ത മായ നാശം വരുന്നതാണ്. ആ നാശം കാലങ്ങളോളം നി ലനില്ക്കും.' പ്രവചനമനുസരിച്ച് പ്ലേഗുവെളിപ്പെടുത്തിയ ഈ ശക്തമായ നാശങ്ങൾ മുമ്പേ ഈ രാജ്യത്ത് എപ്പോ ഴെങ്കിലും വെളിപ്പെട്ടിരുന്നുവെന്ന് ഇനി ആർക്കെങ്കിലും തെളിയിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ഭൂകമ്പവും എന്നിൽനിന്നുള്ള ഏതെങ്കിലും നിസാര പ്രവചനമായിരു ന്നില്ല. മറിച്ച് രാജ്യത്തിന്റെ ഒരു ഭാഗം ഇതുമുഖേന നാശ മടയുമെന്ന വാക്കുകൾ പ്രവചനത്തിലുണ്ടായിരുന്നു. ഈ ഭൂകമ്പത്തിന്റെ നാശം കാങ്കടയിലും ഭാഗസോ പ്രത്യേകിച്ച് ജ്വാലമുഖിയിലും വന്നതുപോലെ! രണ്ടായിരം വർഷംവ രെയുള്ള അവിടെത്തെ ചരിത്രം പരിശോധിച്ചാൽ ഭൂകമ്പം മുഖേന ഇത്ര നാശമുണ്ടായ ഒരു സംഭവവും കിട്ടുകയില്ല. ഇംഗ്ലീഷുകാരായ ഗവേഷകരും ഇതേ സാക്ഷ്യം നല്കിയി ട്ടുണ്ട്. ഈ രീതിയിൽ എന്നിൽ ആക്ഷേപം ഉന്നയിക്കുക എന്നത് വെറും എടുത്തുചാട്ടമാണ്.

(റൂഹാനീ ഖസായിൻ വാല്യം 22 ഹഖീഖത്തുൽ വഹ്യ് പേ ജ് 162-164)

---

1. ഇഞ്ചീലിൽ കാണുന്ന ഹദ്റത്ത് മസീഹിന്റെ പ്രവചനങ്ങ ളിൽ വെറും നിസാരവും മൃദുവുമായ വാക്കുകളാണുള്ളത്. ഏതെങ്കിലും കഠിനവും ഭയാനകവുമായ ഭൂകമ്പത്തേയോ ഭീതിജനകമായ പ്ലേഗിനേയോ കുറിച്ച് അതിൽ പറഞ്ഞു കാണു ന്നില്ല. എന്നാൽ, എന്റെ പ്രവചനങ്ങളിൽ ഈ രണ്ടു സംഭവ ങ്ങളെ കുറിച്ചും അമാനുഷികമെന്ന് നിശ്ചയിക്കാവുന്ന വാക്കു കളുണ്ട്.

2. അതേ! യഥാർഥ പ്രവചനങ്ങളിൽ മാറ്റിമറിക്കലുകൾ ഉണ്ടാ യിരിക്കാനും സാധ്യതയുണ്ട്; ഒരു ഇഞ്ചീലിന്റെ സ്ഥാനത്ത് നി രവധി ഇഞ്ചീലുകൾ ഉണ്ടായ സ്ഥിതിക്ക് ഏതെങ്കിലും വാക്യ ത്തിൽ മാറ്റിമറിക്കൽ നടന്നിരിക്കാമെന്നത് ബുദ്ധിക്കുനിരക്കാത്ത കാര്യമല്ലല്ലോ? നിലവിലുള്ള ഇഞ്ചീലിനുമേലാണ് നാം ആക്ഷേപം ഉന്നയിക്കുന്നത്. അല്ലാഹു ആ ഇഞ്ചീലുകളെ മാറ്റിമറിച്ച് ന മുക്ക് ഈ ആക്ഷേപങ്ങൾക്ക് അവസരം നല്കിയിരിക്കുന്നു.

◆

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് ഉമ്മുഹബീബഃ(റ)

*(അമത്തുല്‍ബാരി നാസിര്‍ രചിക്കുകയും ലജ്ന ഇമായില്ലാഹ് പാക്കിസ്താന്‍ കുട്ടികള്‍ക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത ഉമ്മുല്‍മുഅ്മിനീന്‍ ഹദ്റത്ത് ഉമ്മുഹബീബഃ റദിയല്ലാഹു അന്‍ഹാ എന്ന ലഘുകൃതിയോടു കടപ്പാട്)*

*(കഴിഞ്ഞ ലക്കം തുടര്‍ച്ച........)*

സുന്ദരിയായ ഈ മകള്‍ തന്‍റെ വര്‍ഗ ശത്രുവിന്‍റെ ഭാര്യയായപ്പോള്‍ അനിയന്ത്രിതമായി അയാളുടെ വായില്‍നിന്ന് ഈ വാക്കുകള്‍ പുറത്തുവന്നു:-

*ഹുവല്‍ഫഹ്‌ലു ലാ യുജ്ദഅ് അന്‍ഫുഹൂ*

***ഇകഴ്ത്തിക്കാണിക്കാന്‍ പറ്റാത്ത യോദ്ധാവാണ് മുഹമ്മദ്.***

നബി(സ) തിരുമേനി, ഹദ്റത്ത് ഉമ്മുഹബീബഃ(റ)യെ അങ്ങേയറ്റം സ്നേഹത്തോടും ബഹുമാനത്തോടും വാത്സല്യത്തോടുംകൂടി വാഴിച്ചു. ഹബ്ശയില്‍ നടന്ന ഓരോ സംഭവങ്ങളും അതീവതാല്‍പര്യത്തോടെ കേട്ടു. അസ്ഹമഃ നജ്ജാശി നിക്കാഹിനുള്ള ഏര്‍പാടു ചെയ്തതും, നിക്കാഹ് ഖുത്ബ ഓതിയതുമെല്ലാം പലവട്ടം സംസാരിച്ചു. എല്ലാ കാര്യങ്ങളും ഉത്സാഹത്തോടെ ചെയ്തിരുന്ന അബ്റഹഃയെക്കുറിച്ചും ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ), അബ്റഹഃ ഇസ്‌ലാം സ്വീകരിച്ചതും നബി(സ)യോടുള്ള അവരുടെ നിഷ്ക്കളങ്കസ്നേഹവും എടുത്തു പറഞ്ഞു. മാത്രമല്ല തന്‍റെ സലാം നബി(സ)ന് എത്തിക്കണമെന്ന് അബ്റഹഃ ആവര്‍ത്തിച്ചു പറഞ്ഞതും അറിയിച്ചു. ഇതു കേട്ടപ്പോള്‍ നബി(സ) പറഞ്ഞു: 'വ അലയ്ഹസ്സലാമു വ റഹ്മത്തുല്ലാഹി വ ബര്‍കാത്തുഹൂ.'

മക്കക്കാര്‍ ഹുദയ്ബിയഃ സന്ധി ലംഘിച്ചിരുന്നു. അതിന്‍റെ തിക്തഫലമോര്‍ത്ത് അവര്‍ ഭയപ്പെട്ടു. ഹുദയ്ബിയഃസന്ധിയുടെ കാലാവധി നീട്ടാന്‍ ആവശ്യപ്പെടുന്നതിനായി മക്കക്കാര്‍ അബൂസുഫിയാനെ നബി(സ) തിരുമേനിയുടെ അടുക്കലേക്ക് അയച്ചു. പക്ഷേ, നബി(സ) അതംഗീകരിച്ചില്ല. അബൂസുഫിയാന്‍ അവിടെന്നെഴുന്നേറ്റ് തന്‍റെ മകളുടെ അടുക്കല്‍ വന്നു. നബി(സ)യുടെ പരിശുദ്ധ കിടക്കയില്‍ ഇരിക്കാന്‍ മുതിര്‍ന്നപ്പോള്‍ ഹദ്റത്ത് ഉമ്മുഹബീബഃ(റ) കിടക്ക മടക്കിക്കളഞ്ഞു. അബൂസുഫിയാന്‍ ചോദിച്ചു, 'മോളേ! എന്നെക്കാള്‍ നീ ഈ കിടക്കയ്ക്കാണോ പ്രാധാന്യം നല്കുന്നത്?' മകള്‍ പറഞ്ഞു, അതേ! അങ്ങ് അന്യാരാധകനാണ്. ഇത് നബി(സ)യുടെ കിടക്കയാണ്. അങ്ങ് ഇതിലിരിക്കുന്നത് നന്നായിട്ട് എനിക്കു തോന്നുന്നില്ല. അല്ലാഹുവിന്‍റെ റസൂലിന്‍റെ കിടക്കയില്‍ അങ്ങ് തൊടുന്നത് എനിക്കെങ്ങനെ സഹിക്കാന്‍ കഴിയും? അങ്ങയോട് വിടപറഞ്ഞ് ഇറങ്ങുമ്പോള്‍ ഞാന്‍ കാഫിറായിരുന്നു. ഇപ്പോള്‍ അല്ലാഹു എനിക്കു ഇസ്‌ലാം നല്കി അനുഗ്രഹിച്ചു. നബി(സ)യുടെ മഹനീയ സ്ഥാനമെന്താണെന്ന് ഞാന്‍ അറിഞ്ഞു; അങ്ങയുടെ നിലയെന്താണെന്നും.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ശക്തമായ വിശ്വാസം കണ്ട് അബൂസുഫിയാന്‍ പതറി. കോപാന്ധനായി അയാള്‍ പറഞ്ഞു: 'ലഖദ് അസ്വാബക്കി ബഅ്ദി ശര്‍റാ.' എനിക്കുശേഷം നീ ഒരുപാടു ദോഷങ്ങളില്‍പ്പെട്ടുപോയിരിക്കുന്നു.[20]

ഉഹുദുയുദ്ധത്തിലും അഹ്സാബു യുദ്ധത്തിലും അവിശ്വാസിസൈന്യത്തിന്‍റെ കമാന്‍റര്‍ ഇന്‍ ചീഫായിരുന്നു അബൂസുഫിയാന്‍. നബി(സ)യ്ക്കെതിരില്‍ ഗൂഢാലോചന നടത്തുന്നതില്‍ എല്ലാവരെക്കാളും മുന്‍പന്തിയിലായിരുന്നു അയാള്‍. മക്ക വിജയത്തിനുമുമ്പേ നബി(സ) തിരുമേനി 10000 വിശുദ്ധന്മാരോടൊപ്പം മക്കയിലേക്കു നീങ്ങുകയായിരുന്നു. ജന്മനാട്ടില്‍നിന്ന് വെറുംകൈയോടെ ആട്ടി പുറത്താക്കപ്പെട്ട ആളുകളുടെ തേജോവിലാസം നേരിട്ട് കാണിച്ചു കൊടുക്കുന്നതിനുവേണ്ടി ഹദ്റത്ത് അബ്ബാസ്(റ), അബൂസുഫിയാനേയും കൂട്ടി വന്നു. ആ സംഭവം ഹദ്റത്ത് ഖലീഫത്തുല്‍ മസീഹു ഥാനീ(റ) ഹൃദയസ്പൃക്കായ നിലയില്‍ വിവരിച്ചിട്ടുള്ളതിങ്ങനെയാണ്: 'അബൂസുഫിയാന്‍ ഹദ്റത്ത് അബ്ബാസ്(റ)നോടൊപ്പം രാത്രി താമസിച്ചു. രാവിലെ അയാളെ നബി(സ) തിരുമേനിയുടെ അടുക്കല്‍ കൊണ്ടുവന്നപ്പോള്‍ സുബ്ഹി നമസ്കാരത്തിനുള്ള ഒരുക്കങ്ങള്‍ നടക്കുകയായിരുന്നു. അതിരാവിലെ എഴുന്നേറ്റ് നമസ്കരിക്കുന്നതിനെ സംബന്ധിച്ച് മക്കയിലെ ജനങ്ങള്‍ക്കു എന്തു വിവരമാണുള്ളത്. അങ്ങോട്ടുമിങ്ങോട്ടും ആളുകള്‍ വെള്ളംനിറച്ച മൊന്തയുമായി ഓടുന്നത് അയാള്‍ കണ്ടു. ചിലര്‍ വുദു ചെയ്യുന്നു. ചിലര്‍ സ്വഫ്ഫുകള്‍ നേരെയാക്കുന്നു. ഇതെല്ലാം കണ്ടപ്പോള്‍ അയാള്‍ക്കുതോന്നി തനിക്കെതിരില്‍ എന്തോ പുതിയതരം ശിക്ഷ ആസൂത്രണം ചെയ്യുകയാണെന്ന്. അയാള്‍ പരിഭ്രമിച്ചുകൊണ്ടു ഹദ്റത്ത് അബ്ബാസ്(റ)നോടു ചോദിച്ചു, 'ഈ അതിരാവിലെ ഇവരെന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?' ഹദ്റത്ത് അബ്ബാസ്(റ)പറഞ്ഞു: 'താങ്കള്‍ ഭയക്കേണ്ട കാര്യമൊന്നുമില്ല. അവര്‍ നമസ്കാരത്തിന് തയ്യാറെടുക്കുകയാണ്. കുറച്ചു കഴിഞ്ഞപ്പോള്‍ ആയിരക്കണക്കിനു മുസ്‌ലീംകള്‍ നബി(സ) തിരുമേനിയുടെ പിന്നില്‍ അണിയണിയായി നില്ക്കുന്നത് അയാള്‍ കണ്ടു. നബി(സ) മുട്ടില്‍ കൈകൊടുത്തു കുനിയുമ്പോള്‍ അവരും കുനിയുന്നു. സാഷ്ടാംഗം പ്രണമിക്കുമ്പോള്‍ അവരും പ്രണമിക്കുന്നു. ഹദ്റത്ത് അബ്ബാസ്(റ)കാവല്‍ ഡ്യൂട്ടിയിലായിരുന്നതിനാല്‍ സംഘനമസ്കാരത്തില്‍ പങ്കെടുത്തിരുന്നില്ല. അബൂസുഫിയാന്‍ അദ്ദേഹത്തോടു ചോദിച്ചു: 'ഇപ്പോള്‍ ഇവര്‍ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? മുഹമ്മദു ചെയ്യുന്നതൊക്കെ ഇവരും ചെയ്യുന്നുണ്ടല്ലോ?' അബ്ബാസ്(റ)പറഞ്ഞു: 'താങ്കള്‍ എന്താണ് ചിന്തിക്കുന്നത്? ഇവര്‍ നമസ്കരിക്കുകയാണ്. പക്ഷേ, തിന്നരുത്, കുടിക്കരുത് എന്ന് മുഹമ്മദ് കല്പിച്ചാല്‍ ഇവര്‍ തിന്നുകയുമില്ല, കുടിക്കുകയുമില്ല.' അബൂസുഫിയാന്‍ പറഞ്ഞു, 'ഞാന്‍ കിസ്റായുടെ രാജസദസ്സ് കണ്ടിട്ടുണ്ട്. ഖയ്സറിന്‍റെ സന്നിധാനവും സന്ദര്‍ശിച്ചിട്ടുണ്ട്. പക്ഷേ, അവിടെയൊന്നും മുഹമ്മദിന്‍റെ സംഘത്തെപ്പോലെ സര്‍വവും സമര്‍പണം ചെയ്തിരിക്കുന്ന ഒരു സംഘത്തെ ഞാന്‍ കണ്ടിട്ടില്ല.' പിന്നീടു ഹദ്റത്ത് അബ്ബാസ്(റ), താങ്കളുടെ ജനതയ്ക്കു മാപ്പു നല്കാന്‍ അല്ലാഹുവിന്‍റെ റസൂലിനോടു താങ്കള്‍ക്കു അപേക്ഷിച്ചുകൂടേ? എന്ന് അബൂസുഫിയാനോടു ചോദിച്ചു.'

നമസ്കാരം കഴിഞ്ഞപ്പോള്‍ ഹദ്റത്ത് അബ്ബാസ്(റ) അബൂസുഫിയാനേയും കൂട്ടി നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ) ചോദിച്ചു: 'അബൂസുഫിയാന്‍! അല്ലാഹുവിനു പുറമെ ആരാധനയ്ക്കര്‍ഹനായി മറ്റാരുമില്ലെന്ന് താങ്കള്‍ക്കിനിയും ബോധ്യമായിട്ടില്ലേ?' അബൂസുഫിയാന്‍ പറഞ്ഞു: 'എന്‍റെ മാതാവും പിതാവും അങ്ങയ്ക്കു ബലിയാണ്. അങ്ങ് അങ്ങേയറ്റം സൗമ്യനും ബഹുമാന്യനും ചാര്‍ച്ചയെ ചേര്‍ക്കുന്നയാളുമാണ്. അല്ലാഹുവിനെക്കൂടാതെ ആരാധ്യരാരെങ്കിലും ഉണ്ടായിരുന്നെങ്കില്‍ ഞങ്ങളെ സഹായിക്കുമായിരുന്നുവെന്ന കാര്യം ഞാന്‍ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.'

നബി(സ) പറഞ്ഞു: 'അബൂസുഫിയാന്‍! ഞാന്‍ അല്ലാഹുവിന്‍റെ ദൂതനാണെന്ന് മനസ്സിലാക്കാന്‍ താങ്കള്‍ക്കിനിയും സമയമായിട്ടില്ലേ?' അബൂസുഫിയാന്‍ പറഞ്ഞു: 'എന്‍റെ മാതാവും പിതാവും അങ്ങയ്ക്കു ബലിയാണ്. അതു സംബന്ധമായി എനിക്കു ചില സംശയങ്ങളുണ്ട്. അല്ലാഹുവിന്‍റെ റസൂലേ! മക്കക്കാര്‍ വാള്‍ എടുക്കാതിരുന്നാല്‍ അങ്ങ് അവര്‍ക്കു അഭയം നല്കുമോ?'

നബി(സ) പറഞ്ഞു: 'അവര്‍ക്കു അഭയം നല്കപ്പെടുന്നതാണ്. കതകടച്ചിരിക്കുന്നവര്‍ക്കും അഭയം നല്കപ്പെടും...............അബൂസുഫിയാന്‍റെ വീട്ടില്‍ കയറിക്കൂടുന്നവര്‍ക്കും അഭയം നല്കപ്പെടും.............

ഹദ്റത്ത് അബൂസുഫിയാന്‍ വിശ്വസിച്ചപ്പോള്‍ ഹദ്റത്ത് ഉമ്മുഹബീബഃ(റ) വളരെ സന്തോഷിച്ചു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ മാതാവ് ഹിന്ദും മുസ്‌ലീംകളുടെ കഠിനശത്രുവായിരുന്നു. ഉഹദു യുദ്ധം കഴിഞ്ഞപ്പോള്‍ നബി(സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസത്ത്(റ)ന്‍റെ കരളെടുത്ത് ചവച്ചത് അവരായിരുന്നു. അവര്‍ ധീരയും നിര്‍ഭയയുമായിരുന്നു. അബൂസുഫിയാന്‍ നബി(സ)തിരുമേനിക്ക് പിന്തുണ പ്രഖ്യാപിച്ചതു കേട്ടപ്പോള്‍ മുന്നോട്ടു കുതിച്ച് തന്‍റെ ഭര്‍ത്താവിന്‍റെ താടിപിടിക്കുകയും വൃദ്ധനും മൂഢനുമായ അയാളെ കൊല്ലാന്‍ മക്കക്കാരോടു വിളിച്ചു പറയുകയും ചെയ്തു അവര്‍.

മക്ക വിജയത്തിനുശേഷം നബി(സ)തിരുമേനി പൊതുമാപ്പ് പ്രഖ്യാപിച്ചപ്പോള്‍ മക്കക്കാര്‍ കൂട്ടംകൂട്ടമായി വന്ന് ഇസ്‌ലാം സ്വീകരിച്ചു. പുരുഷന്മാര്‍ക്കുശേഷം സ്ത്രീകള്‍ വന്നു. അവരില്‍ മൂടുപടം ധരിച്ച് ഹിന്ദുമുണ്ടായിരുന്നു. മൂടുപടം ധരിച്ചത് പര്‍ദയുടെ കല്പനയനുസരിച്ചായിരുന്നില്ല. അവര്‍ ചെയതുകൂട്ടിയ അധര്‍മം കാരണത്താല്‍ ആരും, തന്നെ തിരിച്ചറിയണ്ട എന്നുദ്ദേശ്യത്താലായിരുന്നു. അങ്ങനെ ആ സമൂഹ ബയ്അത്തില്‍ (അനുസരണ പ്രതിജ്ഞ) പങ്കെടുത്തുകൊണ്ട് ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ഉമ്മയും മുസ്‌ലിമായി. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം അല്ലാഹു ആ കുടുംബത്തിനുമേല്‍ വലിയ അനുഗ്രഹങ്ങള്‍ ചെയ്തു. മാതാപിതാക്കള്‍ ഇസ്‌ലാമിക വൃത്തത്തില്‍ വന്നു. ഒരാള്‍ ഒരിക്കല്‍ കലിമ ചൊല്ലിയാല്‍ അയാളുടെ മുന്‍കുറ്റങ്ങളെല്ലാം പൊറുത്തുകൊടുക്കുക നബി(സ)യുടെ പതിവായിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ സഹോദരനോടു നബി(സ) വാത്സല്യത്തോടെ പെരുമാറിയ സംഭവം കാണാം. ഒരിക്കല്‍ നബി(സ)തിരുമേനി വീട്ടില്‍ വന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ മടിയില്‍ അവരുടെ സഹോദരന്‍ തലവെച്ചു കിടക്കുന്നതു നബി(സ) കണ്ടു. വിരലുകള്‍കൊണ്ട് ഹദ്റത്ത് ഉമ്മുഹബീബഃ(റ) അവന്‍റെ മുടി ചികയുന്നുണ്ടായിരുന്നു. നബി(സ) ചോദിച്ചു, 'ഉമ്മുഹബീബഃ നിനക്ക് മുആവിയയോടു ഒത്തിരി സ്നേഹമുണ്ടോ?' അവര്‍ പറഞ്ഞു, അല്ലാഹുവിന്‍റെ റസൂലേ ഉണ്ട്. അതു കേട്ടപ്പോള്‍ നബി(സ)പറഞ്ഞു, 'എനിക്കും അവന്‍ പ്രിയപ്പെട്ടവനാണ്.[21]

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ മകള്‍ ഹബീബഃ നുബുവ്വത്തിന്‍റെ മടിത്തട്ടിലാണ് വളര്‍ന്നത്. ഥഖീഫ് ഗോത്രത്തിന്‍റെ ഉന്നത ഭരണാധികാരി ദാവൂദ് ബിന്‍ ഉര്‍വഃയാണ് അവരെ വിവാഹം ചെയ്തത്.[22]

നന്മചെയ്യാനുള്ള കഴിവു ലഭിക്കുന്നതും അല്ലാഹുവിന്‍റെ അനുഗ്രഹമാണ്. അല്ലാഹു വിശുദ്ധഖുര്‍ആനില്‍ പറയുന്നു, 'നബിയുടെ വീട്ടുകാരേ! നിങ്ങളില്‍നിന്ന് മാലിന്യം നീക്കുകയും നിങ്ങളെ നല്ലവണ്ണം ശുദ്ധിയാക്കുകയും ചെയ്യണമെന്ന് മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.'(33:34)

നബി(സ)തിരുമേനിയുടെ നിര്‍ദേശങ്ങളനുസരിച്ച് പ്രവര്‍ത്തിക്കുന്നതില്‍ ഹദ്റത്ത് ഉമ്മുഹബീബഃ(റ) സന്തോഷം കണ്ടിരുന്നു. ഒരിക്കല്‍, നിത്യവും 12 റക്അത്ത് നഫ്ല്‍ നമസ്കരിക്കുന്നവര്‍ക്ക് അല്ലാഹു സ്വര്‍ഗത്തില്‍ വീടു നിര്‍മിച്ചു നല്കുമെന്ന് നബി(സ) തിരുമേനി പറയുന്നത് അവര്‍കേട്ടു. അങ്ങനെ അന്നുമുതല്‍ ജീവവസാനംവരെ 12 റക്അത്ത് നഫ്ല്‍ നമസ്കരിച്ചുപോന്നു. സ്വര്‍ഗത്തിനോടു താല്‍പര്യമുണ്ടാകാന്‍ കാരണം നബി(സ)യില്‍നിന്ന് അവര്‍ക്കു ലഭിച്ച സുശിക്ഷണമാണ്.

ഇതു കേട്ടതിനുശേഷം താന്‍ 12 റക്അത്ത് നഫ്ല്‍ നമസ്കരിച്ചിരുന്നുവെന്ന് ഹദ്റത്ത് ഉമ്മു ഹബീബഃ(റ)പറഞ്ഞതായി ബുഖാരിയില്‍ നിവേദനമുണ്ട്.[23]

(തുടരും)

20. മുത്വഹ്ഹര്‍ ആയിലീ സിന്ദഗീ പേജ് 78.
21. അല്‍അസ്ഹാറു ലിദവാത്തില്‍ഖുമാര്‍ പേജ് 319,320.
22. സയ്റുസ്സ്വഹാബിയാത് പേജ് 84.
23. മുത്വഹ്ഹര്‍ ആയിലീ സിന്ദഗീ പേജ് 78.

# ഖുത്ബ ജുമുഅ

**ഇതിൽനിന്ന് എങ്ങനെയാണ് അല്ലാഹു ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ വസിക്കുന്നവരുടെ ഹൃദയങ്ങളിൽ ചലനങ്ങൾ ഉണ്ടാക്കുന്നതെന്ന് അറിയാൻ കഴിയുന്നു. ചിലർക്ക് സ്വപ്നങ്ങൾ മുഖേന അഹ്മദിയ്യത്തിന്റെ സത്യത പറഞ്ഞുകൊടുക്കുന്നു. ചിലയിടങ്ങളിൽ ഗ്രന്ഥമോ ലിറ്ററേച്ചറോ തബ്‌ലീഗിന് നിമിത്തമായിത്തീരുന്നു. ചിലയിടത്ത് അഹ്മദിയ്യത്തിന്റെ ശത്രുക്കൾ അഹ്മദിയ്യത്തിന്റെ വളർച്ചയ്ക്ക് വളമായിമാറുന്നു. ചിലയിടങ്ങളിൽ അഹ്മദികളുടെ സ്വാഭാവങ്ങൾ മറ്റുള്ളവരെ അഹ്മദിയ്യത്തിലേക്ക് ശ്രദ്ധിപ്പിക്കുന്നു. ദൂര ദൂര രാജ്യങ്ങളിൽ വസിക്കുന്നവരുടെ അഹ്മദിയ്യത്തിലുള്ള വിശ്വാസത്തിന്റേയും ദൃഢജ്ഞാനത്തിന്റേയും അത്ഭുതമുളവാക്കുന്ന ദൃശ്യങ്ങളും നമുക്ക് കാണിച്ചുതരുന്ന സംഭവങ്ങളുമുണ്ട്. കുട്ടികളുടെ തർബിയ്യത്തിനെ നോക്കുകയാണെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കുകയോ അഹ്മദികളുടെ സഹവാസത്തിൽ ഇരിക്കുകയോ ചെയ്ത കാരണത്താൽ കുട്ടികളിലും അത്ഭുതകരമായ പരിവർത്തനമുണ്ടായി. അതിനെ മറ്റുള്ളവർക്കും അംഗീകരിക്കാതിരിക്കാൻ പറ്റില്ല. ചുരുക്കിപ്പറഞ്ഞാൽ നീതിദൃഷ്ടിയോടുകൂടി നോക്കുകയാണെങ്കിൽ, നമ്മൾ ഒരു വ്യവസ്ഥിതിക്ക് കീഴിൽ ഇസ്‌ലാമിന്റെ യഥാർഥ സന്ദേശമെത്തിക്കാൻ പരിശ്രമിക്കുന്നുണ്ട്, പക്ഷേ, അല്ലാഹു അതിന് നല്കുന്ന ഫലം നമ്മുടെ ശ്രമത്തെക്കാൾ എത്രയോ അധികമാണെന്ന് നമുക്ക് പറയാൻ കഴിയുന്നതാണ്. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതിനും അതു സ്വീകരിക്കാൻ ആളുകളുടെ നെഞ്ചകങ്ങൾ തുറക്കുന്ന പ്രവൃത്തി അല്ലാഹു ചെയ്തുകൊണ്ടിരിക്കുന്നുവെന്നും നമുക്ക് പറയാൻ കഴിയും. അല്ലാഹുവിന്റെ കരുണാകടാക്ഷത്താലാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ബുദ്ധിയുള്ള എല്ലാ അഹ്മദികളും തീർച്ചയായും അറിയുന്നവരാണ്.**

---

**കഴിഞ്ഞ വർഷം ലോകത്തിലെ വിവിധ രാജ്യങ്ങളിൽ വെളിപ്പെട്ട അല്ലാഹുവിന്റെ പിന്തുണയുടേയും സഹായത്തിന്റേയും ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളിൽ ചിലതിന്റെ ഹൃദയകാരിയായ ചർച്ച**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ആഗസ്റ്റ് 26/1395 ളുഹൂർ 26**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ,ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ. اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ
الدِّيْنِ. اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ. صِرَاطَ الَّذِيْنَ
اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

അല്ലാഹുവിന്റെ പെയ്തിറങ്ങിയ കൃപാകടാക്ഷങ്ങളെക്കുറിച്ചാണ് ബ്രിട്ടണിലെ ജൽസയുടെ രണ്ടാം ദിവസം പറയാറുള്ളത്. അവിടെ വിവിധ വകുപ്പുകളിലെ സ്ഥിതിവിവരക്കണക്കുകൾ സമർപിക്കപ്പെടുന്നു. ജമാഅത്തിന്റെ അഭിവൃദ്ധിയെ കുറിച്ച് പറയുന്നു. ആ സ്ഥിതിവിവരക്കണക്കുകളോടൊപ്പം അതുമായി ബന്ധപ്പെട്ട സംഭവങ്ങളും ഞാൻ അവതരിപ്പിക്കുന്നു. പക്ഷേ, ഒന്നര രണ്ടു മണിക്കൂർ കൊണ്ട് സ്ഥിതിവിവരക്കണക്കുകൾ വിശദീകരിക്കാൻ സാധിക്കുകയില്ല. സംഭവങ്ങളും വിശദീകരിക്കാൻ പറ്റുകയില്ല. ഞാൻ വായിക്കാൻ ഇവിടെ കൊണ്ടുവരുന്ന നോട്ട്സുകൾ ഏകദേശം അതു, അതുപോലെതന്നെ തിരിച്ചുകൊണ്ടുപോകുന്നു. ഓരോ വർഷത്തേയും ഈ സ്ഥിതിവിവരക്കണക്കുകൾ വിശദമായി തഹ്‌രീക്കെ ജദീദ് പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. പുസ്തകമായി പ്രസിദ്ധീകരിക്കുന്നുണ്ട്. സംഭവങ്ങളാണെങ്കിൽ ഞാൻ വിവിധ സന്ദർഭങ്ങളിൽ വിവരിച്ചുകൊണ്ടിരിക്കാറുമുണ്ട്. ഇന്നും ഞാൻ അവയിൽ നിന്ന് കുറച്ചു സംഭവങ്ങൾ പറയുന്നതാണ്. ഇതിൽ നിന്ന് എങ്ങനെയാണ് അല്ലാഹു ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ വസിക്കുന്നവരുടെ ഹൃദയങ്ങളിൽ ചലനങ്ങൾ ഉണ്ടാക്കുന്നതെന്ന് അറിയാൻ കഴിയുന്നു. ചിലർക്ക് സ്വപ്നങ്ങൾ മുഖേന അഹ്മദിയ്യത്തിന്റെ സത്യത പറഞ്ഞുകൊടുക്കുന്നു. ചിലയിടങ്ങളിൽ ഗ്രന്ഥമോ ലിറ്ററേച്ചറോ തബ്‌ലീഗിന് നിമിത്തമായിത്തീരുന്നു. ചിലയിടത്ത് അഹ്മദിയ്യത്തിന്റെ ശത്രുക്കൾ അഹ്മദിയ്യത്തിന്റെ വളർച്ചയ്ക്ക് വളമായി മാറുന്നു. ചിലയിടങ്ങളിൽ അഹ്മദികളുടെ സ്വാഭാവങ്ങൾ മറ്റുള്ളവരെ അഹ്മദിയ്യത്തിലേക്ക് ശ്രദ്ധിപ്പിക്കുന്നു. ദൂര ദൂര രാജ്യങ്ങളിൽ വസിക്കുന്നവരുടെ അഹ്മദിയ്യത്തിലുള്ള വിശ്വാസത്തിന്റേയും ദൃഢജ്ഞാനത്തിന്റേയും അത്ഭുതമുളവാക്കുന്ന ദൃശ്യങ്ങളും നമുക്ക് കാണിച്ചുതരുന്ന സംഭവങ്ങളുമുണ്ട്. കുട്ടികളുടെ തർബിയ്യത്തിനെ നോക്കുകയാണെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കുകയോ അഹ്മദികളുടെ സഹവാസത്തിൽ ഇരിക്കുകയോ ചെയ്ത കാരണത്താൽ കുട്ടികളിലും അത്ഭുതകരമായ പരിവർത്തനമുണ്ടായി. അതിനെ മറ്റുള്ളവർക്കും അംഗീകരിക്കാതിരിക്കാൻ പറ്റില്ല. ചുരുക്കിപ്പറഞ്ഞാൽ നീതിദൃഷ്ടിയോടുകൂടി നോക്കുകയാണെങ്കിൽ, നമ്മൾ ഒരു വ്യവസ്ഥിതിക്ക് കീഴിൽ ഇസ്‌ലാമിന്റെ യഥാർഥ സന്ദേശമെത്തിക്കാൻ പരിശ്രമിക്കുന്നുണ്ട്, പക്ഷേ, അല്ലാഹു അതിന് നല്കുന്ന ഫലം നമ്മുടെ ശ്രമത്തെക്കാൾ എത്രയോ അധികമാണെന്ന് നമുക്ക് പറയാൻ കഴിയുന്നതാണ്. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതിനും അതു സ്വീകരിക്കാൻ ആളുകളുടെ നെഞ്ചകങ്ങൾ തുറക്കുന്ന പ്രവൃത്തി അല്ലാഹു ചെയ്തുകൊണ്ടിരിക്കുന്നുവെന്നും നമുക്ക് പറയാൻ കഴിയും. 'ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതാണ്' എന്ന് അല്ലാഹു ആ മഹാത്മാവിനോടു പറഞ്ഞതാണ്. അപ്പോൾ ധാരാളം ജോലികൾ അല്ലാഹുതന്നെയാണ് ചെയ്യുന്നത്. അഹ്മദിയ്യത്തിന്റെ പുരോഗതി നമ്മുടെ പരിശ്രമങ്ങളോ നമ്മുടെ പ്രവർത്തനമാധ്യമങ്ങളോ കൊണ്ടല്ല. പ്രത്യുത അല്ലാഹുവിന്റെ കരുണാകടാക്ഷത്താലാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ബുദ്ധിയുള്ള എല്ലാ അഹ്മദികളും തീർച്ചയായും അറിയുന്നവരാണ്. ഇനി കൂടുതൽ മുഖവുരയൊന്നും കൂടാതെ ഞാൻ കുറച്ചു സംഭവങ്ങൾ അവതരിപ്പിക്കുകയാണ്.

ഒരു സംഭവമിതാണ്. ഗിനി(Guinee)കൊണാക്രിയിൽനിന്ന് മുബല്ലിഗ് എഴുതുന്നു: 'ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള രണ്ടുപേജ് അടങ്ങിയ ഒരു നോട്ടീസ് അല്ലാഹുവിന്റെ കൃപയാൽ രാജ്യം മുഴുവൻ പരന്നുകഴിഞ്ഞു. തങ്ങൾ തങ്ങളുടെ പൂർവികന്മാരിൽനിന്ന് ഇമാം മഹ്ദിയേയും മസീഹിനേയും കുറിച്ച് കേട്ടിരുന്നുവെന്നും ഇപ്പോൾ നിങ്ങളുടെ ഈ നോട്ടീസുകണ്ട് നിങ്ങളെ കാണാൻ തങ്ങൾക്ക് താൽപര്യമുണ്ടെന്നും മുസ്‌ലിം ഉമ്മത്തിന് ഒരു പരിഷ്കർത്താവിന്റെ ആവശ്യമുള്ള സമയമാണിതെന്ന് തോന്നുന്നുവെന്നും പറഞ്ഞുകൊണ്ടുള്ള ഫോൺകോളുകൾ രാജ്യത്തിന്റെ ദൂരദൂര സ്ഥലങ്ങളിൽനിന്ന് ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ കൃപയാൽ ധാരാളമാളുകളുമായി നമുക്ക് ബന്ധമുണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ആളുകൾ ബയ്അത്തു ചെയ്തു ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

നോട്ടീസ്, നമ്മുടെ മേൽവിലാസം പറഞ്ഞുകൊടുക്കുന്നതിനുള്ള ഒരു മാർഗമായിരിക്കുന്നുവെന്നേയുള്ളു. പക്ഷേ, അല്ലാഹു ആദ്യമെതന്നെ ഹൃദയങ്ങളെ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ഇക്കാലത്ത് ഒരു പരിഷ്കർത്താവിന്റെ ആവശ്യമുണ്ടെന്ന്, മസീഹ് മൗഊദിന്റെ ആവശ്യമുണ്ടെന്ന് ബുദ്ധിമാന്മാർ അനുഭവിച്ചറിയുന്നു. ഈ വിദൂരമായ പ്രദേശങ്ങളിൽ ആരുടെയെങ്കിലും സ്വാധീനത്താൽ അഹ്മദിയ്യത്ത് സ്വീകരിക്കപ്പെട്ടുവെന്നോ അഹ്മദിയ്യത്തിനെ കുറിച്ചുള്ള വാർത്ത എത്തിയെന്നോ ആർക്കാണ് പറയാൻ കഴിയുക. അതിനാൽ ഇത് അല്ലാഹുവിന്റെ തന്നെ പ്രവൃത്തിയാണ്. മാനുഷികമായ ഒരു ശ്രമത്തിനും അതിൽ കൈകടത്തലില്ല.

തൻസാനിയ മറ്റൊരു രാജ്യമാണ്. ആദ്യം പശ്ചിമാഫ്രിക്കയായിരുന്നു. ഇത് പൂർവ്വാഫ്രിക്കിയിലെ സംഭവമാണ്. തൻസാനിയായിലെ ടോഡോനഗരത്തിലെ മുബല്ലിഗ് എഴുതുന്നു:'വിശുദ്ധ ഖുർആൻ എക്സിബിഷൻ നടക്കുമ്പോൾ ഒരു സ്ത്രീ നമ്മുടെ സ്റ്റാളിൽ വന്നു. വലിയ അത്ഭുതത്തോടെ ഇത് മുസ്‌ലിം സ്റ്റാളാണോ എന്ന് ചോദിച്ചു. പിന്നീട് മെല്ലെ മെല്ലെ ഗ്രന്ഥങ്ങൾ പരിചയപ്പെട്ടുകൊണ്ടിരുന്നു. അവസാനം ഒരു ഗ്രന്ഥം വാങ്ങി. അതിൽ ക്രിസ്തുമതത്തെ കുറിച്ചുള്ള പ്രതിപാദ്യമാണുണ്ടായിരുന്നത്. ഒരു ദിവസത്തിനുശേഷം ആ സ്ത്രീ തന്റെ ഭർത്താവുമൊത്ത് വീണ്ടും സ്റ്റാളിൽ വന്നു. അപ്പോൾ

അവർ രണ്ടുപേരും പട്ടാളവേഷത്തിലാണ് വന്നിരുന്നത്. രണ്ടുപേരും പട്ടാളക്കാരാണ്. ആ സ്ത്രീ പറഞ്ഞു: 'ഇദ്ദേഹം എന്റെ ഭർത്താവാണ്. ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് കുറെ നാളുകളായി. ഞാൻ മുസ്ലിമാണ്. ഇദ്ദേഹം ക്രിസ്ത്യാനിയാണ്.'ആ സ്ത്രീ പറഞ്ഞു: എന്റെ ഭർത്താവിനോടു ഇസ്ലാമികാധ്യാപനങ്ങൾ പറയാനും അദ്ദേഹത്തെ മുസ്ലിമാക്കാനും കുറെ നാളുകളായി ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, ഒരിടത്തുനിന്നും ഇസ്ലാമികാധ്യാപനങ്ങളെക്കുറിച്ചുള്ള നല്ല വിഷയം എനിക്കു കിട്ടിയിരുന്നില്ല. ഇന്നലെ ഞാൻ നിങ്ങളുടെ സ്റ്റാളിൽ വന്നപ്പോൾ ഞാൻ ശരിയായ സ്ഥലത്ത് ഇന്നെത്തിയിരിക്കുന്നുവെന്ന് എനിക്ക് തോന്നി. അങ്ങനെയാണ് ഇന്നലെ നിങ്ങളിൽനിന്ന് ഞാനൊരു ഗ്രന്ഥം വാങ്ങിയത്. അത് അദ്ദേഹത്തിനുകൊടുത്തു. അതുമുഖേന അദ്ദേഹത്തിന്റെ ധാരാളം സംശയങ്ങൾക്ക് പരിഹാരമായി. ബാക്കി കാര്യങ്ങൾ നിങ്ങളുമായി സംസാരിച്ചാൽ പരിഹരിക്കപ്പെടുമെന്ന് ഞാൻ കരുതുന്നു. അങ്ങനെ ഒരുപാടു സമയം മുബല്ലിഗു സാഹിബുമായി അവരിരുവരും സംസാരിച്ചിരുന്നു. അവസാനം അവരുടെ ഭർത്താവും ഇസ്ലാം സ്വീകരിക്കുന്നതിന് തയ്യാറായി. അവരിരുവരും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്തു.

ഭർത്താവിനെക്കൊണ്ട് ഇസ്ലാം സ്വീകരിപ്പിക്കുന്നതിനുള്ള സത്യമായ അവരുടെ ആവേശം അല്ലാഹുവിന്റെ കൃപാകടാക്ഷത്തെ എങ്ങനെയാണ് വലിച്ചുകൊണ്ടുവന്നതെന്നാൽ യാദൃച്ഛികമായി അവർ അവിടെ വന്നു, പിന്നീടു ഇരുവർക്കും യഥാർഥ ഇസ്ലാമിന്റെ മടിത്തട്ടിൽ വരാൻ അല്ലാഹു തൗഫീഖ് നല്കി.

ആഫ്രിക്കയുടെ കാര്യം മാത്രമല്ല. ലീഫ്ലെറ്റു മുഖേനയോ തബ്ലീഗ് മുഖേനയോ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ ജനങ്ങളിൽ അന്വേഷണത്വര ആഫ്രിക്കയിലേയോ മൂന്നാം ലോക രാജ്യങ്ങളിലേയോ ആളുകളിൽ മാത്രമല്ല. പ്രത്യുത നമ്മുടെ ഇവിടെ ഹെഡഴ്സ്ഫീൽഡിലെ മുബല്ലിഗ് എഴുതുന്നു:'ഇവിടെ ഇസ്ലാമിനെക്കുറിച്ച് അറിയാനാഗ്രഹിക്കുന്ന നിരവധിയാളുകളുണ്ട്. പറയുന്നു: ബാൺസിലെ (Barnsley) ടൗണിൽ തബ്ലീഗ് നോട്ടീസ് വിതരണം ചെയ്യപ്പെട്ടു. ഇക്കാരണത്താൽ അവിടവുമായി ബന്ധമുണ്ടായി.' പറയുന്നു: 'കുറച്ചുകാലത്തിനുശേഷം പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന 50 ലേറെ ആളുകൾ യാത്ര ചെയ്ത് ഹെഡഴ്സ്ഫീൽഡിലെ നമ്മുടെ മസ്ജദിൽ വന്നു. ഇസ്ലാമിനെക്കുറിച്ച് അറിയുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. ആ സംഘത്തോടൊപ്പം മസ്ജിദിൽ രണ്ടര മണിക്കൂർ പരിപാടി നടന്നു. ഇസ്ലാം-അഹ്മദിയ്യത്തിനെക്കുറിച്ച് അവർക്ക് പ്രസന്റേഷൻ (presentation) നല്കപ്പെട്ടു. അതിനുശേഷം ചോദ്യോത്തരവും നടന്നു. ആളുകൾ സ്വയം വരികയും ശ്രദ്ധിക്കുകയും ചെയ്യുക എന്നതും ഒരു കണ്ണിയാണ്. അല്ലാഹു ഇപ്പോൾ ലോകത്ത് എല്ലായിടത്തും ജനമനസ്സുകളിലെ കമ്പികൾ ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് ഇസ്ലാമിന്നെതിരിൽ എതിർപ്പുണ്ടായിക്കൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് മുസ്ലീംകൾതന്നെ ഇസ്ലാമിന് ചീത്തപ്പേരുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി അമുസ്ലീംകൾ പൊറുതിമുട്ടി മുന്നോട്ടുവരാൻ തുടങ്ങി. മറുഭാഗത്ത് അല്ലാഹു സ്വയം ഒരു കാറ്റു വീശിച്ചുകൊണ്ടിരിക്കുന്നു. അതുമുഖേന യഥാർഥ ഇസ്ലാമിനെക്കുറിച്ച് മനസ്സിലാക്കുന്നതിലേക്ക് ജനശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

വിദൂരസ്ഥലങ്ങളിൽ വസിക്കുന്ന ജനഹൃദയങ്ങളെ വിശ്വാസപരമായ അടിസ്ഥാനത്തിൽ എങ്ങനെയാണ് അല്ലാഹു ശക്തിപ്പെടുത്തിയത്. അവരിൽ ത്യാഗത്തിന്റെ വികാരവുമുണ്ടാക്കി. ബെനിൻ (Benin)നിലെ അമീർ സാഹിബ് എഴുതുന്നു: അലാഡ റീജ്യണിലെ ഒരു ജമാഅത്തായ സോക്കോയിൽ(Soko) ഈ വർഷം ഫെബ്രുവരിയിൽ പുതിയ മസ്ജിദിന്റെ നിർമാണം നടന്നു. മസ്ജിദിന്റെ നിർമാണത്തിൽ ജമാഅത്തംഗങ്ങൾ വളരെ ആത്മാർഥതയോടും സ്നേഹത്തോടുംകൂടി പങ്കെടുത്തു. നിർമാണത്തിന്റെ ഒരുപാട് ഘട്ടങ്ങളിൽ അസാധാരണമായ നിലയിൽ സമയവും ധനവും ത്യാഗം ചെയ്തുകൊണ്ട് തൊഴിലാളികളെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്തു. സ്ത്രീകളും നിർമാണ പ്രവൃത്തിക്കായി ദൂര ദൂരനിന്ന് വെള്ളം കോരിക്കൊണ്ടുവന്നു. ഇപ്രകാരം മസ്ജിദിന്റെ നിർമാണ പ്രവൃത്തികളിൽ പങ്കെടുത്തുകൊണ്ടിരുന്നു. ഗ്രാമത്തിലെ തദ്ദേശ പ്രസിഡന്റ് പറഞ്ഞു,'ഈ മസ്ജിദ് ഈ പ്രദേശത്തുകാർക്ക് സമാധാന നിർഭരവും ഇസ്ലാമിന്റെ ആസ്ഥാനവുമായിരിക്കും.' അവിടെത്തെ ചീഫ് പറഞ്ഞു,'അലാഡ റീജ്യണിലെ മസ്ജിദ് കൗൺസിലിന് തീർച്ചയായും വെളിച്ചത്തിന്റെ മിനാരമായിരിക്കും. ഈ പ്രദേശത്തുള്ളവർ അധികവും ബിബാരാധനാ മതവുമായി ബന്ധപ്പെട്ടവരാണ്. അവിടെത്തെ ഒരു തദ്ദേശ ചീഫ് -അദ്ദേഹം തന്റെ ചെറിയ ചെറിയ പ്രദേശങ്ങളിലെ രാജാവ് എന്ന് പറയപ്പെടുന്നു-പറഞ്ഞു: 'ഞാനും ഒരു നേരത്ത് ബിബാരാധകനായിരുന്നു. എന്നാൽ, ഇന്ന് അഹ്മദിയ്യത്തിന്റെ സമ്പന്നതകൊണ്ട് ഏകദൈവവിശ്വാസിയായി. അദ്ദേഹം ജനങ്ങളോടു പറഞ്ഞു: 'ഈ ജമാഅത്ത് സത്യസന്ധതയുടേയും സ്നേഹത്തിന്റേയും ശരീരധാരിയായ മാതൃകയാണെന്ന് ഞാൻ നിങ്ങൾക്കെല്ലാവർക്കും ഉറപ്പുനല്കുകയാണ്. അഹ്മദിയ്യാ ജമാഅത്ത് കാരണത്താൽ തന്നെയാണ് എനിക്ക് ഈ അറിവുണ്ടായത്. ഞാനൊരു രാജാവാണെന്നത് ശരിതന്നെ. എന്നാൽ, എന്റെ മീതെ ഒരു മഹാനായ രാജാവുണ്ട്. അവനെ ആരാധിക്കുക എന്നത് നമ്മുടെ എല്ലാവരുടേയും നിർബന്ധ കടമയാണ്.'

അല്ലാഹുതന്നെയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം സത്യമാണെന്നും യഥാർഥ അധ്യാപ നവും സന്ദേശവും അഹ്മദിയ്യാ ജമാഅത്താണ് ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതെന്നുമുള്ള ചിന്താഗതികൾ മനസ്സുകളിലുണ്ടാക്കുന്നത്. ഈ അധ്യാപനംകൊണ്ടാണ് ബഹുദൈവാരാധകർ ഏകദൈവാരാധകരായി മാറുന്നതും. ഈ പ്രദേശത്തെ മറ്റൊരു ഉദ്യോഗസ്ഥൻ ഇങ്ങനേയും പറഞ്ഞു: 'ഈ പ്രദേശത്ത് ഇസ്ലാമിക പ്രബോധനമുണ്ടാകുകയും ജനങ്ങളുടെ ശ്രദ്ധ ഇസ്ലാം-അഹ്മദിയ്യാ ജമാഅത്തിലേക്ക് തിരിയുകയും ചെയ്തപ്പോൾ ഇസ്ലാമിന്റെ പേരു കേൾക്കുമ്പോൾ ഭയപ്പെടുന്നവരും ജമാഅത്തിനെ അനുകൂലിക്കാത്തവരുമായ ധാരാളമാളുകൾ എന്റെയടുത്തു വന്നു. ഈ ആളുകൾ മറ്റു ഭീകരവാദ സംഘടനകളെപ്പോലെ തങ്ങളുടെ ആളുകളെ കൊല്ലാനും കുട്ടികളെ പിടിച്ചുകൊണ്ടുപോകാനുമാണ് വന്നിട്ടുള്ളതെന്ന അഭിപ്രായം പ്രകടിപ്പിച്ചു. ഈ പ്രദേശത്തെ ഓഫീസർ പറയുന്നു: രാത്രി വിവിധ സമയങ്ങളിൽപോയി തദ്ദേശവാസികളായ അഹ്മദികളുടെ പ്രവർത്തനം നിരീക്ഷിക്കാനും അവർ ഏതെങ്കിലും തരത്തിലുള്ള നിയമലംഘനം നടത്തുന്നുണ്ടോ എന്ന് നോക്കാനും ഞങ്ങൾ ഞങ്ങളുടെ യുവാക്കൾക്ക് ചുമതലകൾ കൊടുത്തു. വലിയ അന്വേഷണത്തിനും അനുഭവങ്ങൾക്കും ശേഷം ജമാഅത്തിന്റെ ലക്ഷ്യം വെറും സമാധാന സംസ്ഥാപനമാണെന്ന് കണ്ട് ഞങ്ങൾ ഇപ്പോൾ തൃപ്തരാണ്.'

അഹ്മദിയ്യത്തിന്റെ എതിരാളികൾ വലിയ പ്രലോഭനങ്ങൾ മുഖേന ജനങ്ങളെ അഹ്മദിയ്യത്തിൽനിന്ന് തടയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അല്ലാഹു ഈ ദൂരദൂര പ്രദേശങ്ങളിൽ വസിക്കുന്നവരും വിദ്യാഭ്യാസം കുറഞ്ഞവരും നിരക്ഷരരുമായവരുടെ ഈമാൻ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ബെനിനിലെ ഒരു സ്ഥലമായ ബോസിംഗ്പ്പെ (Bozinkpe)യിൽനിന്ന് തദ്ദേശ മുഅല്ലിം പറയുന്നു: 'കുറച്ചാളുകൾക്ക് ബയ്അത്തു ചെയ്യാൻ തൗഫീഖ് കിട്ടി. പുതിയ ജമാഅത്ത് രൂപീകരിച്ചു.' പറയുന്നു: 'ബ യ്അത്തുചെയ്യുന്നതിനു മുമ്പേ ഇവർ മുസ്ലീംകളായിരുന്നു. മറ്റൊരു നഗരത്തിലെ ഒരു മസ്ജിദിന് കീഴിലായിരുന്നു. സമീപപ്രദേശത്തെ വലിയ നഗരമായിരുന്നു അത്. ബയ്അത്തിനുശേഷം അവരുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. അവിടെ ക്ലാസ്സുകൾ ആരംഭിച്ചു. വിശുദ്ധ ഖുർആൻ, നമസ്കാരം, മറ്റു ഇസ്ലാമികകാര്യങ്ങളും പഠിപ്പിച്ചു. കുറച്ചുകാലത്തിനുശേഷം അവിടെത്തെ ഇമാം ഇതറിഞ്ഞപ്പോൾ അയാൾ അഹ്മദിയ്യത്തിന്നെതിരിൽ സംസാരിക്കാൻ തുടങ്ങി. അയാൾ പറഞ്ഞു: അഹ്മദികൾ മുസ്ലീംകൾ തന്നെയല്ല. ഇവർ കാഫിറാണ്. നിങ്ങൾ അവരെ ഉപേക്ഷിക്കുക.' അപ്പോൾ നവഅഹ്മദികൾ മറുപടി പറഞ്ഞു: 'ഞങ്ങൾ വളരെ കാലമായി ഇവിടെ താമസിച്ചുവരുന്നവരാണ്. നിങ്ങൾ ഇവിടെ വന്ന് ഒരിക്കലും ഞങ്ങളുടെ സുഖവിവരങ്ങൾ തിരക്കിയിട്ടില്ല. ഞങ്ങളുടെ മക്കളുടെ തർബിയ്യത്തിന്റെ കാര്യങ്ങളും ചോദിച്ചിട്ടില്ല. ഇപ്പോൾ അഹ്മദികൾ ഇവിടെ വന്ന് ഞങ്ങളേയും ഞങ്ങളുടെ കുട്ടികളേയും വിശുദ്ധ ഖുർആനും നമസ്കാരവും പഠിപ്പിക്കാൻ തുടങ്ങി. അപ്പോൾ താങ്കൾ പറയുന്നു അവർ മുസ്ലീംകളല്ലെന്ന്. ഇക്കാര്യം ഞങ്ങൾക്ക് മനസ്സിലാക്കാൻ പറ്റുന്നില്ല. ഞങ്ങളെ നമസ്കാരവും വിശുദ്ധ ഖുർആനും പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഇവരെങ്ങനെയാണ് കാഫിറാകുന്നത്.' അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവരെല്ലാവരും ഉറച്ചു നില്ക്കുന്നു. ഇപ്പോൾ ഈ പ്രദേശത്ത് അല്ലാഹു ജമാഅത്തിന് നല്ലൊരു മസ്ജിദ് നിർമിക്കാനും തൗഫീഖ് നല്കി.

ബെനിനിലെ ഒരു മുഅല്ലിം സാഹിബ് എഴുതുന്നു: റേഡിയോയിൽ തബ്ലീഗ് പരിപാടി നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം ഒരു സ്നേഹിതനായ ഓൺടോ യറിക് സാഹിബിന്റെ ഫോൺകോൾ വന്നു. അദ്ദേഹം തന്റെ ഗ്രാമത്തിൽ തബ്ലീഗിനു ചെല്ലാൻ ഞങ്ങളെ ക്ഷണിച്ചു. പറയുന്നു, അദ്ദേഹം മേൽവിലാസം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഫോൺ കട്ടായിപ്പോയി. സംസാരം മുഴുവിപ്പിക്കാൻ കഴിഞ്ഞില്ല. മുബല്ലിഗ് സാഹിബ് എഴുതുന്നു: ഒരു ദിവസം ഞങ്ങൾ തബ്ലീഗ് ചെയ്യുന്നതിനുവേണ്ടി സുന്നർപോത്ത ഗ്രാമത്തിലെത്തി. ഒരാൾ ഞങ്ങളെ കണ്ട് എഴുന്നേറ്റുനിന്നുകൊണ്ട് എല്ലാവരോടും പറഞ്ഞു, 'എല്ലാവരും പെട്ടെന്ന് ഇവിടെ വരിക. നമ്മൾ നിത്യവും റേഡിയോയിൽ കേൾക്കുന്ന ആളുകൾ നേരിട്ട് ഇവിടെ വന്നിരിക്കുന്നു.' അങ്ങനെ അവിടെ ചെയ്ത തബ്ലീഗിന്റെ ഫലമായി 200 ലേറെയാളുകൾ ബയ്അത്തു ചെയ്തു. ഒരു പുതിയ ജമാഅത്ത് രൂപീകരിക്കപ്പെട്ടു.

ബയ്അത്ത് ചെയ്തിട്ടു കുറച്ചു ദുവസമേ ആയിട്ടുള്ളു. എന്നാൽ, അവരുടെ ഈമാനികശക്തിയുടെ അവസ്ഥയും കേൾക്കുക! ബയ്അത്ത് ചെയ്തതിന്റെ രണ്ടാം ദിവസം പെരുംമഴയും പൊടിക്കാറ്റും കാരണത്താൽ ഏറിക് സാഹിബിന്റെ വീടിന്റെ ഭിത്തി തകർന്നു നിലംപൊത്തി. അതിന്റെ അടിയിൽപ്പെട്ട് അദ്ദേഹത്തിന്റെ 8 മാസം പ്രായമുള്ള ആൺകുട്ടി വഫാത്തായി. ഇത് ബിംബാരാധകരുടെ ഗ്രാമമായിരുന്നു. ഗ്രാമത്തിലെ ബഹുദൈവ വിശ്വാസികൾ പറഞ്ഞു:'നോക്കൂ! നിങ്ങൾ ഈ ജമാഅത്തിൽ വിശ്വസിക്കാൻ തുടങ്ങിയപ്പോൾതന്നെ ബുദ്ധിമുട്ടുകൾ വരാൻ തുടങ്ങിയിരുക്കുന്നു.' അതുകേട്ട് ഏറിക് സാഹിബ് പറഞ്ഞു: ഞാൻ കണ്ട സത്യത്തിൽ ഞാൻ വിശ്വസിച്ചു. പിന്നീടുള്ളത്, മക്കളും ധനവും സമ്പത്തും തരുന്നവൻ അല്ലാഹുവാണ്. അവൻതന്നെ തിരിച്ചെടുക്കുകയും ചെയ്യുന്നു. എന്തുതന്നെ സംഭവിച്ചാലും ഞാൻ ഒരിക്കലും ഈ ജമാഅത്തിൽനിന്ന് മാറിപ്പോകുകയില്ല. ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഞാൻ അഹ്മദിയാണ്. ഇൻശാഅല്ലാഹ് അവസാന ശ്വാസംവരെ അഹ്മദിയായിത്തന്നെ ഇരിക്കുന്നതാണ്.' ഇതാണ് ഈമാനി

## ഇർശാദുന്നബ്വി(സ)

"കറി പാകം ചെയ്യുമ്പോൾ അതിന്റെ ചാറ് വർധിപ്പിച്ചുകൊണ്ട് നിന്റെ അയൽവാസിയെ കൂടി നീ കണക്കിലെടുക്കണം"

(മുസ്ലിം)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്വി(സ)

"ഏതൊരാളുടെ ഉപദ്രവത്തിൽനിന്ന് തന്റെ അയൽവാസിക്ക് അഭയമില്ലയോ അവൻ സത്യവിശ്വാസിയല്ല"

(ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ന്റെ ശക്തിയും തൗഹീദിൽ നിലകൊള്ളലും. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന അല്ലാഹു ജനഹൃദയങ്ങളിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അ ദ്ദേഹം തന്റെ സ്വന്തം സ്ഥലത്തിന്റെ ഒരു ഭാഗം നമ സ്കാര സെന്റർ നിർമിക്കുന്നതിനായി കൊടുക്കു കയും ചെയ്തു. എന്നല്ല വിശുദ്ധ ഖുർആന്റെ ക്ലാസ്സ് തുടങ്ങുന്നതിനുവേണ്ടി ഉടൻതന്നെ അതിൽ ഓല യും മറ്റുംകൊണ്ടുള്ള പുര സ്വന്തമായി ഉണ്ടാക്കു കയും ചെയ്തു.

അല്ലാഹു എങ്ങനെയാണ് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതി നുള്ള വഴികൾ തുറക്കുന്നത്. ഇതു സംബന്ധമായി തൻസാനിയായിലെ മുബല്ലിഗ് എഴുതുന്നു: ശിയാങ്ക റീജ്യണിലെ ബുട്ടിബു (Butibu)എന്ന ഗ്രാമത്തിൽ ഈ വർഷം ഒരു പുതിയ ജമാഅത്ത് രൂപീകരിക്ക പ്പെടുകയുണ്ടായി. ഇതേ റീജ്യണിലെ മറ്റൊരു ഗ്രാ മത്തിൽ തബ്‌ലീഗ് പരിപാടി നടക്കുകയായിരുന്നു. യാദൃച്ഛികമായി ബുട്ടിബു (Butibu) ഗ്രാമത്തിലെ ഒരു സ്ത്രീ അവിടെ വന്നു. അവർ അഹ്മദിയ്യാ ജമാ അത്തിന്റെ സന്ദേശം കേട്ടപ്പോൾ പറഞ്ഞു:'നിങ്ങൾ ഞങ്ങളുടെ ഗ്രാമത്തിലും ഇസ്‌ലാമിന്റെ സന്ദേശവു മായി വരുക. കാരണം അവിടെ കുറച്ചു മുസ്‌ലീംക ളുണ്ട്. അവരുടെ ഒരു മസ്ജിദുമുണ്ട്. പക്ഷേ, ഏതൊ രു ഇസ്‌ലാമാണോ നിങ്ങൾ സമർപ്പിക്കുന്നത് അത് അവരുടെ ഇസ്‌ലാമിൽനിന്ന് തികച്ചും വ്യത്യസ്തമാ ണ്. അങ്ങനെ നമ്മുടെ മുഅല്ലിമുമാർ അവിടെ ചെന്ന് ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രബോധനം നടത്തി. ആദ്യദിവസംതന്നെ മസ്ജിദിലെ ഇമാമുൾപ്പെടെ 93 ആളുകൾ ജമാഅത്തിൽ ചേർന്നു. ഇവർ അഹ്മദിക ളായിരിക്കുന്നുവെന്ന് അവിടത്തെ സുന്നി മൗലവി അറിഞ്ഞപ്പോൾ ആ ഗ്രാമത്തിലെത്തി, ഇവർ വഴിപി ഴച്ചുപോയിരിക്കുന്നുവെന്നും വ്യതിചലിച്ചുപോയി രിക്കുന്നുവെന്നും ഇവർ മുസ്‌ലീംകളല്ലെന്നും പ റഞ്ഞു. അപ്പോൾ പുതിയതായി ബയ്അത്തുചെയ്ത വർ പറഞ്ഞു,'ഞങ്ങൾ ആലോചിച്ചും ചിന്തിച്ചുമാണ് ബയ്അത്തു ചെയ്തത്. ഇതുതന്നെയാണ് യഥാർഥ ഇസ്‌ലാം. അതുകൊണ്ട് ഞങ്ങൾ നിങ്ങൾ പറയുന്ന തൊന്നും കേൾക്കുകയില്ല.'

ആളുകൾ മൗലവിയുടെ സംസാരം കേൾക്കുന്നി ല്ലെന്ന് കണ്ടപ്പോൾ അവിടത്തെ വലിയ മൗലവി തദ്ദേശമൗലവിയോടു 'നീ എന്നെ ഓഫീസിൽവന്ന് കാണുക' എന്ന് പറഞ്ഞു: അപ്പോൾ അവിടത്തെ തദ്ദേശ മൗലവി അത് നിഷേധിച്ചു. താൻ വരികയി ല്ലെന്ന് പറഞ്ഞു. അല്ലാഹുവിന്റെ കൃപയാൽ ഈ എല്ലാ നവഅഹ്മദികളുടേയും ജമാഅത്തുമായിട്ടു ള്ള ബന്ധം സുദൃഢമായിക്കൊണ്ടിരിക്കുന്നു. ചന്ദ വ്യവസ്ഥയിലും ചേർന്നിരിക്കുന്നു. അവർ ദരിദ്രരാ ണ്. ചിലപ്പോൾ യാത്ര ചെയ്യാൻ വണ്ടിക്കൂലി പോ ലുമുണ്ടാകുകയില്ല. പക്ഷേ, കേന്ദ്ര ശൂറായിൽ പ ങ്കെടുക്കുന്നതിനുവേണ്ടി എല്ലാവരും കൂടെ പണമെ ടുത്ത് പ്രതിനിധിയെ അയച്ചു. ഈ നവഅഹ്മദികൾ കാരണത്താൽ രണ്ട് അയൽ ഗ്രാമങ്ങളിലും ജമാഅ ത്തിന്റെ ചെടി നടപ്പെട്ടുകഴിഞ്ഞു. ജമാഅത്ത് വ്യവ സ്ഥതിയും നിലവിൽ വന്നു കഴിഞ്ഞു.

ഇതുപോലെതന്നെ ശിയാങ്ക തൻസാനിയായിലും ശിയാങ്ക റീജ്യണിലെ മറ്റൊരു ഗ്രാമത്തിലും ജമാ അത്ത് രൂപീകരിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ കുറെ കാലമായി മുസ്‌ലീംകൾ അവിടെ ഉണ്ടായിരുന്നു. കെട്ടുറപ്പില്ലാത്ത ഒരു മസ്ജിദും അവിടെ ഉണ്ടാ യിരുന്നു. നമ്മുടെ ജമാഅത്തിലെ മുഅല്ലിമീംകൾ അവിടെ എത്തുകയും തബ്‌ലീഗ് പരിപാടികൾ സം ഘടിപ്പിക്കുകയും ചെയ്തപ്പോൾ ഗ്രാമത്തിലെ 130 ആളുകൾ ഇമാം മസ്ജിദിന്റെ കൂടെ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. അഹ്മദിയായതി നുശേഷം അവരിലെ പ്രായംചെന്ന വ്യക്തി ഈദി സാഹിബ് നമ്മുടെ ശൂറായിൽ ദാറുസ്സലാമിലും വന്നു. ജമാഅത്തിന്റെ ശക്തമായ വ്യവസ്ഥ കണ്ട് വളരെ ആകർഷിതനായിക്കൊണ്ടു പറഞ്ഞു:'ഞാൻ 1993 മുതൽ മുസ്‌ലിമായിരുന്നു. പക്ഷേ, ജമാഅ ത്തിൽ ചേരാൻ തൗഫീഖ് കിട്ടിയ ഞങ്ങൾ സൗഭാ ഗ്യരാണ്.'

ബുർക്കിനാ ഫാസോ (Burkina Faso) മറ്റൊരു ആഫ്രിക്കൻ രാജ്യമാണ്. അവിടെ ഫ്രഞ്ച് ഭാഷയാ ണ് സംസാരിക്കുന്നത്. അവിടത്തെ മുബല്ലിഗ് എഴു തുന്നു:'ഈ വർഷം ജമാഅത്തിന് തേങ്കോഡെഗോ റീജ്യണിൽ ഒരു മനോഹരമായ മസ്ജിദ് നിർമി ക്കാൻ തൗഫീഖ് കിട്ടി. ഈ ഗ്രാമത്തിൽ അഹ്മദി യ്യത്ത് രൂപീകരിച്ചപ്പോൾ ഗ്രാമവാസികൾ ഇമാമിനോ ടൊപ്പം ബയ്അത്ത് ചെയ്തിരുന്നു. ശത്രു മൗലവി ആ ഗ്രാമത്തിൽ പോയി അഹ്മദിയ്യത്ത് ഉപേക്ഷി ക്കാനും എന്നാൽ മറ്റൊരു മനോഹരമായ മസ്ജിദ് നല്കാമെന്നും അവരോടു പറഞ്ഞു. അല്ലാഹുവി ന്റെ കൃപയാൽ അഹ്മദി ഇമാം അഹ്മദിയ്യാ ജമാഅ ത്തിനെ താങ്ങി നിറുത്തുകയും കുവൈത്തിന്റേയോ അല്ലെങ്കിൽ അറേബ്യൻ രാഷ്ട്രങ്ങളുടേയോ പണം കൊണ്ടു നിർമിച്ച മസ്ജിദിനുമേൽ അഹ്മദിയ്യാ ജമാഅത്തിന്റെ കെട്ടുറപ്പില്ലാത്ത മസ്ജിദിന് അവർ മുൻഗണന നല്കുകയും ചെയ്തു. ഇപ്പോൾ അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന് അവിടെ നല്ലൊരു മസ്ജിദ് നിർമിക്കാൻ തൗഫീഖ് കിട്ടി. അത് മെയിൻ ഹൈവേയുടെ മേൽഭാഗത്താണ്. ഇക്കാര ണത്താൽ നമ്മുടെ മസ്ജിദിന്റെ വാർത്ത മുഴുവൻ നഗരത്തിലും അടുത്തുള്ള പ്രദേശങ്ങളിലും എത്തി ക്കഴിഞ്ഞിരിക്കുന്നു. ഈ മസ്ജിദിന്റെ ഉൽഘാടനാവ സരത്തിൽ അടുത്തുള്ള ഗ്രാമങ്ങളിലെ എല്ലാ ഇമാമു മാരും ചില പ്രധാന വ്യക്തികളുമെല്ലാം വന്നിരുന്നു. റീജ്യണിലെ രാജാവും പങ്കെടുത്തിരുന്നു. ശത്രു വായ ഒരു ഇമാം മൂന്നു പ്രാവശ്യം ചോദിച്ചു, ഞാൻ ഇവിടെ കണ്ടതാണോ അഹ്മദിയ്യത്ത്? അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് താൻ കേട്ടതെല്ലാം കള വായിരുന്നു. എന്നാൽ, യഥാർഥ മുസ്‌ലീംകളായ അഹ്മദിയ്യത്തിനെക്കാളുപരി ഒരു ഇസ്‌ലാമും ഉണ്ടാ കുകയില്ലെന്ന് എനിക്ക് ഇന്ന് പറയാൻ കഴിയും. ആർക്കാണോ ഇസ്‌ലാമിനെക്കുറിച്ച് വേദനയുള്ള ത്, ആരാണോ ഇസ്‌ലാം ലോകത്ത് പരന്നു കാണാ നാഗ്രഹിക്കുന്നത് അയാൾക്ക് അഹ്മദിയ്യാ ജമാഅ ത്തിന് വെളിയിൽനിന്നുകൊണ്ട് ഒരിക്കലും ഇങ്ങനെ ചിന്തിക്കാനെ കഴിയുകയില്ല. തീർച്ചയായും ഇന്ന് അഹ്മദിയ്യാ ജമാഅത്തിനുപുറമെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന വ്യാപിക്കേണ്ടിയിരുന്ന, വ്യാപി ച്ചുകൊണ്ടിരിക്കുന്ന ഈ സന്ദേശത്തിനു പുറമെ മറ്റൊരിടത്തും ശരിയായ ഇസ്‌ലാം കാണാൻ സാധി ക്കുകയില്ല.

ബെനിനിലെ അമീർ സാഹിബ് എഴുതുന്നു: 'ബോഹികോൻ (Bohicon) റീജ്യണിലെ ഒരു ജമാ അത്തിൽ നമ്മുടെ മസ്ജിദ് നിർമാണം നടന്നു. ആ ഗ്രാമത്തിൽ 2015 ലായിരുന്നു അഹ്മദിയ്യത്തിന്റെ ചെടി നടപ്പെട്ടത്. 245 ആളുകൾ ജമാഅത്തിൽ വന്നു. ഈ ജമാഅത്ത് അഹ്മദിയ്യത്തു സ്വീകരിച്ചതുമുതൽ അവർക്ക് തുടർച്ചയായി എതിർപ്പു നേരിടേണ്ടി വരി കയാണ്. ബന്ധുക്കളിൽനിന്നും എതിർപ്പുണ്ടാകു ന്നുണ്ട്. ഗ്രാമത്തിലെ ഇമാമിൽനിന്നും കഠിനമായ എതിർപ്പുണ്ടായി. ഗ്രാമത്തിലെ ഇമാം വിവിധ ഇമാ മീംകളെ ഗ്രാമത്തിൽ വിളിച്ചു വരുത്തി ജമാഅത്തി നെതിരിൽ ഒരു മുന്നണി ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ, അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തംഗങ്ങൾ തങ്ങ ളുടെ ബയ്അത്ത് പ്രതിജ്ഞയിൽ ഉറച്ചു നില്ക്കു ന്നു. നടപ്പുവർഷം ഇവിടെ മസ്ജിദിന്റെ നിർമാണം ആരംഭിച്ചപ്പോൾ അനഹ്മദി മൗലവിമാർ തുറന്ന നി ലയിൽ എതിർപ്പു പ്രകടിപ്പിച്ചിരുന്നു. ആളുകളോടു അവർ പറഞ്ഞു: അഹ്മദികളുടെ മസ്ജിദിനെക്കാൾ നല്ലത് നിങ്ങൾ ഏതെങ്കിലും ചർച്ചുകളിൽപോയി നമസ്കരിക്കുന്നതാണ്. മസ്ജിദു പണിതുകൊണ്ടി രുന്ന കല്ലാശാരിയുടെ വീട്ടിൽപോയി മസ്ജിദ് പ ണിയാതിരിക്കാൻ അയാളേയും ഭീഷണിപ്പെടുത്തി. എന്നാൽ, ഈ എല്ലാ ഭീഷണികളും അവസ്ഥകളു മുണ്ടായിട്ടും അല്ലാഹുവിന്റെ കൃപയാൽ ജമാഅ ത്തിന് ഇവിടെ മസ്ജിദ് പണിയാൻ തൗഫീഖ് കിട്ടി. അതിന് രണ്ടു മിനാരങ്ങളുമുണ്ട്. അത് 13 മീറ്റർ ഉയ രമുള്ളതാണ്. വളരെ മനോഹരമായ മസ്ജിദാണ്. 375 ആളുകൾക്ക് നമസ്കരിക്കാൻ കഴിയും.

അല്ലാഹു എങ്ങനെയാണ് സ്വപ്നങ്ങൾ മുഖേ ന മാർഗദർശനം നല്കുന്നതെന്ന് നമ്മൾ കാണു ന്നു. ഐവറികോസ്റ്റിലെ സാൻപേദ്റോ (San Pe-dro) റീജ്യണിലെ ഒരു സ്നേഹിതനായ സോൽഗം അഹ്മദ് സാഹിബ് സ്വപ്നം കണ്ട് ബയ്അത്തു ചെയ്തു. അദ്ദേഹത്തിന്റെ ബന്ധം ക്രിസ്തുമതവു മായിട്ടായിരുന്നു. പക്ഷേ, പിന്നീട് ഇസ്‌ലാം സ്വീക രിച്ച് വഹാബി കക്ഷിയിൽ ചേർന്നു. അദ്ദേഹം പ റയുന്നു:'ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ഞാൻ നമ സ്കാരം പഠിച്ചു. മുടങ്ങാതെ മസ്ജിദിൽപോയി നമ സ്കരിക്കാൻ തുടങ്ങി. അക്കാലത്ത് ഞാൻ സ്വപ്ന ത്തിൽ രണ്ടു പ്രാവശ്യം ഒരു മഹാത്മാവിനെ കണ്ടു. ഇദ്ദേഹം അല്ലാഹുവിന്റെ നബിയാണെന്ന് സ്വപ് നത്തിൽത്തന്നെ ഞാൻ അറിഞ്ഞു. നബി(സ)തിരു മേനിയുടെ സിയാറത്തുണ്ടായി എന്നാണ് ഞാൻ മനസ്സിലാക്കിയത്. കുറച്ചു കാലത്തിനുശേഷം ഒരു തവണ വീണ്ടും അതേ മഹാത്മാവിന്റെ ചിത്രം ടി.വി യിൽ വരുന്നത് ഞാൻ സ്വപ്നത്തിൽകണ്ടു. അതി നോടൊപ്പം ആരോ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. ടി.വി.സ്ക്രീനിന്റെ താഴ്ഭാഗത്ത് ഫ്രഞ്ച് ഭാഷയിൽ 'മിഷൻ ഇസ്‌ലാമിക് അഹ്മദിയ്യാ' എന്നെഴുതിയിരിക്കുന്നതുകണ്ടു. ഈ സ്വപ്നം കണ്ടതിനുശേഷം ഞാൻ മസ്ജിദിലെ ഇമാ മിനോടു അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് ചോദി ച്ചു. ആദ്യം ഇമാം സാഹിബ് വാചകകസറത്തുകൾ നടത്തുകയായിരുന്നു. എന്നാൽ, ഞാൻ നിർബന്ധി ച്ചപ്പോൾ പറഞ്ഞു: ഇക്കൂട്ടർ അഹ്മദികളാണ്. ഇവർ മുസ്‌ലീംകളല്ല. നിനക്കെന്തുപറ്റി? നിന്നെ ആരാണ് വഴിതെറ്റിച്ചത്? എന്തിനാണ് നിന്റെ ഇസ്‌ലാമിനെ ന ശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്? ഈ നഗര ത്തിൽ അഹ്മദിയ്യത്തില്ല.(ആ വ്യക്തിയുടെ സ്ഥലത്ത് അഹ്മദിയ്യത്ത് ഇല്ലായിരുന്നു). അതുകേട്ട് അദ്ദേഹം മൗലവി സാഹിബിന് മറുപടി കൊടുത്തു:'എന്നെ ആരും വഴി തെറ്റിച്ചിട്ടില്ല. കാരണം ഞാൻ ഇന്നുവരെ ഒരു അഹ്മദിയേയും കണ്ടിട്ടില്ല. എന്നെ അല്ലാഹു അഹ്മദിയ്യത്തിന്റെ വഴി കാണിച്ചുതന്നിരിക്കുകയാ ണ്. വീട്ടിൽ ചെന്നപ്പോൾ എനിക്ക് കൂടുതൽ ചിന്ത യുണ്ടാകാൻ തുടങ്ങി. പറയുന്നു: 'അഹ്മദികൾ ഏതു കൂട്ടരാണ്? ഇമാം സാഹിബ് എന്തിനാണ് അവരെ കാഫിർ എന്നു പറയുന്നത്? അപ്പോൾ ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തു. ഒരുപാടു ദുആ ചെയ്തു: 'അല്ലാഹുവേ! നീ തന്നെ എനിക്ക് നേരായവഴി കാണിച്ചുതന്നാലും.' ഞാൻ എന്റെ ചുറ്റുവട്ടത്തുള്ള ആളുകളോടു ജമാഅത്തിനെക്കു റിച്ച് ചോദിച്ചുകൊണ്ടിരുന്നു. പക്ഷേ, ബന്ധപ്പെടാൻ ഒരു മാർഗവും കിട്ടുന്നുണ്ടായിരുന്നില്ല. അവസാനം മറ്റൊരു നഗരമായ ദൽവായിൽ(Dalwa) ജമാഅത്തു ണ്ടെന്ന് ഒരു ദിവസം ഒരു സ്നേഹിതൻ പറഞ്ഞു. അങ്ങനെ ഞാൻ ചോദിച്ച് ചോദിച്ച് മിഷൻഹൗസു വരെ എത്തി. അവിടെ മിഷണറി സാഹിബ് ജമാ അത്തിനെ പരിചയപ്പെടുത്തി. അവിടെ മിഷൻഹൗ സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ട് ഞാൻ അത്ഭുതപ്പെട്ടു. ചോദിച്ചപ്പോൾ മിഷ ണറി സാഹിബ് പറഞ്ഞു:'ഇദ്ദേഹമാണ് ഇമാം മഹ്ദി


## ഇർശാദുന്നബ്‌വി(സ)

*"ആരെങ്കിലും അല്ലാഹുവിലും അന്ത്യദിന ത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അതിഥിയെ ആദരിച്ചുകൊള്ളട്ടെ."*
*(ബുഖാരി, മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

"ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാ സിയെ ഉപദ്രവിക്കാതിരിക്കട്ടെ ."
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

"ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നന്മയുള്ളതു മാത്രം പറഞ്ഞുകൊള്ളട്ടെ."
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

യും കാലത്തിന്റെ മസീഹും.' അങ്ങനെ ഞാൻ ആ നേരത്തുതന്നെ അവിടന്ന് അഹ്മദിയ്യത്തു സ്വീകരിച്ചു. മിഷണറി സാഹിബിനോടു പറഞ്ഞു: "ഈ പുണ്യാത്മാവിനെയാണ് ഞാൻ രണ്ടു പ്രാവശ്യം സ്വപ്നത്തിൽ കണ്ടത്." അദ്ദേഹം നമ്മുടെ മുബല്ലിഗിനോടു പറഞ്ഞു: 'ബയ്അത്തു ഫോറം ഞാൻ എന്തായാലും ഇപ്പോൾ പൂരിപ്പിച്ചു. പക്ഷേ, അല്ലാഹു എന്നെ ആദ്യം കാണിച്ചുതന്ന ദിവസം മുതൽ ഞാൻ അഹ്മദിയാണ്.' ഇപ്പോൾ അദ്ദേഹം ബയ്അത്തു ചെയ്തതിനുശേഷം കൃത്യമായി ചന്ദ കൊടുക്കാനും തുടങ്ങിയിരിക്കുന്നു. വീട്ടിൽ കൃത്യമായി നമസ്കരിക്കുകയും എന്നല്ല തഹജ്ജുദ് നമസ്കരിക്കുകയും ചെയ്യുന്നു. തന്റെ പ്രദേശത്ത് ഇമാം ഉൾപ്പെടെ ഉള്ളവർക്ക് തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നു.

ഇപ്പോൾ ഇതാണ് അല്ലാഹുവിന്റെ പ്രവർത്തനം. അവൻ എങ്ങനെയാണ് മാർഗദർശനം നല്കിക്കൊണ്ടിരിക്കുന്നത്. മറുഭാഗത്ത് ചിലയാളുകളുണ്ട്. അവർ സംശയത്തിൽ അകപ്പെട്ടിരിക്കുന്നവരാണ്. കാരണം അവരുടെ നിയ്യത്തുകൾ ശുദ്ധമല്ല.

ബൽജിയത്തിൽനിന്ന് നമ്മുടെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: 'ബൽജിയം ജമാഅത്തിലെ പുതിയ അഹ്മദി ഇദ്‌രീസ് സാഹിബ് സ്വപ്നത്തിൽ ഒരു മഹാത്മാവിനെ കണ്ടു. (ആഫ്രിക്കയിൽ ഒരു സംഭവം നടന്നുകൊണ്ടിരിക്കുന്നു. ഒരു സംഭവം യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്നു. എല്ലായിടത്തും അല്ലാഹുവിന്റെ തന്നെ നിയന്ത്രണമാണ് നടക്കുന്നത്.) പറയുന്നു: ആ നേരത്ത് അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഒന്നും അറിഞ്ഞിരുന്നില്ല. പിന്നീട് രണ്ടു വർഷംമുമ്പേ ഒരു ദിവസം ടി.വിയിൽ ചാനൽ മാറ്റുകയായിരുന്നു. പെട്ടെന്ന് എം.ടി.എ അൽഅറബിയായിൽ ദൃഷ്ടി പതിഞ്ഞു. അദ്ദേഹം എം.ടി.എയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ടു. ഉടനെ അദ്ദേഹത്തിന് താൻ കണ്ട സ്വപ്നം ഓർമവന്നു. അദ്ദേഹം സ്വപ്നത്തിൽ കണ്ടത് ആ മഹാത്മാവിനെ ആയിരുന്നു. അങ്ങനെ അദ്ദേഹം മുടങ്ങാതെ എം.ടി.എ കാണാൻ തുടങ്ങി. അദ്ദേഹത്തിന്റെ മനസ്സ് അഹ്മദിയ്യത്തിലേക്ക് ചാഞ്ഞു. പിന്നീട് അദ്ദേഹം സ്വയം ബൽജിയം ജമാഅത്തിന്റെ മേൽവിലാസം അന്വേഷിച്ച് കണ്ടെത്തി. മിഷൻഹൗസിൽവന്നു. താൻ ബയ്അത്തു ചെയ്യാൻ വന്നതാണെന്ന് പറഞ്ഞു. ആദ്യം ജമാഅത്തിനെ കുറിച്ച് അല്പം പഠിക്കാനും എന്നിട്ട് ബയ്അത്തു ചെയ്യാൻ തീരുമാനിക്കാനും മുറബ്ബി സാഹിബ് പറഞ്ഞു. അദ്ദേഹം പറഞ്ഞു, എന്റെ എല്ലാ ചോദ്യത്തിനുമുള്ള ഉത്തരം കിട്ടിക്കഴിഞ്ഞിരിക്കുന്നു. പറഞ്ഞു: എന്റെ മനസ്സിന് ആദ്യമെ തന്നെ തൃപ്തിയായിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്തു. നോക്കുക! ഞാൻ പറഞ്ഞതുപോലെ ആഫ്രിക്കയിലെ വിദൂരമായ സ്ഥലങ്ങളിൽ അല്ലാഹു മനസ്സുകൾ തുറന്നുകൊണ്ടിരിക്കുന്നുവെങ്കിൽ യൂറോപ്പിലും തുറന്നുകൊണ്ടിരിക്കുന്നുണ്ട്.

ആഫ്രിക്കയിലെ ഒരു രാജ്യമാണ് മാലി. അവിടെത്തെ മുബല്ലിഗ് പറയുന്നു: 'പ്രായം ചെന്ന ഒരാൾ മിഷൻഹൗസിൽവന്നു. താൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. ബയ്അത്തു ചെയ്യാനുള്ള കാരണം ചോദിച്ചപ്പോൾ പറഞ്ഞു:'ഞാൻ ഇന്നലെ രാത്രി റേഡിയോയിൽ നിങ്ങളുടെ തത്സമയ പരിപാടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അതിൽ ചിലയാളുകൾ തത്സമയഫോൺ (Live Calls) ചെയ്ത് അഹ്മദിയ്യാ ജമാഅത്തിനെ ചീത്ത പറയുന്നുണ്ടായിരുന്നു. ആ പരിപാടി നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ ഞാൻ അല്ലാഹുവിനോ ടു ദുആ ചെയ്തു: അല്ലാഹുവേ! ഇവരിലാരാ ണോ സത്യത്തിൽ നിലകൊള്ളുന്നത് അവരിലേക്ക് എനിക്ക് മാർഗദർശനം നല്കിയാലും.' പറയുന്നു: 'ദുആ ചെയ്ത്, ചെയ്ത് ഞാൻ ഉറങ്ങി. രാത്രിയിൽ ഞാൻ സ്വപ്നത്തിൽ കണ്ടു, ഒരുഭാഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗും മറുഭാഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ എതിരാളികളുംതമ്മിൽ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ, അഹ്മദികളുടെ എതിരാളികൾക്ക് മറുപടി ഇല്ലാതാകുമ്പോൾ മുബല്ലിഗിനെ ഒരു കുഴിയിലേക്ക് തള്ളിയിടുന്നു. എന്നിട്ട് മണ്ണിടാൻ തുടങ്ങുന്നു. ഇത്രയുമായപ്പോൾ ആകാശത്തുനിന്ന് ഒരു മഹാത്മാവ് വെളിപ്പെടുന്നു. താൻ മഹ്ദിയാണെന്ന് അദ്ദേഹം പറയുന്നു. കൈ നീട്ടി അഹ്മദി മുബല്ലിഗിനെ രക്ഷിക്കുന്നു. അതിനുശേഷം പറയുന്നു: എന്റെ കണ്ണുകൾ തുറന്നു. ഇപ്പോൾ അഹ്മദിയ്യത്തിന്റെ സത്യത്തെ സംബന്ധിച്ച് എന്റെ മനസ്സിൽ ഒരു ദുർബോധനവുമില്ല. അതുകൊണ്ടാണ് ഞാൻ ബയ്അത്ത് ചെയ്യാൻ വന്നത്.'

എം.ടി.എ മുഖേന എങ്ങനെയാണ് അല്ലാഹു വഴികൾ തുറക്കുന്നത്. ഫ്രാൻസിലെ ഒരു സ്നേഹിതൻ മുർത്തളാ സാഹിബ് ആദ്യം മുസൽമാനായിരുന്നു. അഹ്മദിയായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രദേശത്ത് അഹ്മദികളാരും ഉണ്ടായിരുന്നില്ല. അദ്ദേഹം ഈ വർഷം ബയ്അത്തുചെയ്തു. പറയുന്നു: 'ഞാൻ കുട്ടിക്കാലത്ത് എട്ടോ ഒമ്പതോ വയസ്സുള്ളപ്പോൾ ഒരു ഗ്രന്ഥം വായിച്ചിരുന്നു. മസീഹുദ്ദജ്ജാൽ എന്നായിരുന്നു അതിന്റെ പേര്. ആ ഗ്രന്ഥത്തിൽ മൂന്നു സംഘക്കാരെ കുറിച്ച് പറഞ്ഞിരുന്നു. ഒന്ന് മോക്ഷം പ്രാപിക്കുന്നവർ. രണ്ടാമത്തേത് ഭീരുക്കൾ, മൂന്നാമത്തേത് ശുഹദാഅ്. അപ്പോൾ ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തു:'അല്ലാഹുവേ! എന്നെ മോക്ഷം പ്രാപിച്ചവരുടെ സംഘത്തിൽ ഉൾപ്പെടുത്തേണമേ.' കുറച്ചു കാലത്തിനുശേഷം ഞങ്ങൾ ഹിജ്റത്ത് ചെയ്ത് ഫ്രാൻസിൽവന്നു. ഇവിടെ ഒരു ദിവസം എനിക്ക് ടി.വി.യിൽ എം.ടി.എചാനൽ കാണാൻ കഴിഞ്ഞു. അങ്ങനെ ഞാൻ ജമാഅത്തിനെ പരിചയപ്പെട്ടു. കൃത്യമായിഎം.ടി.എ കാണാൻ തുടങ്ങി. അങ്ങനെ ഞാൻ ജമാഅത്തിന്റെ സത്യം മനസ്സുകൊണ്ടു വിശ്വസിച്ചു. എന്നാൽ, ബയ്അത്ത് ചെയ്തിരുന്നില്ല. എന്തോ രോഗം കാരണത്താൽ വളരെ കാലമായി എനിക്ക് കുട്ടികളൊന്നുമുണ്ടായിരുന്നില്ല. എം.ടി.എ യിൽവരുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകൾ ഞാൻ ചൊല്ലാൻ തുടങ്ങി. ആ ദുആകളുടെ അനുഗ്രഹത്താൽ അല്ലാഹു കുറച്ചു കാലത്തിനുശേഷം എനിക്ക് സന്താനങ്ങളേയും നല്കി. വാസ്തവത്തിൽ അതിനുമുമ്പേ എനിക്ക് കുട്ടികളുണ്ടാകുകയില്ലെന്ന് ഡോക്ടർ പറഞ്ഞു കഴിഞ്ഞതാണ്. അങ്ങനെ ഈ വർഷം 2016-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതയുടെ ദൃഷ്ടാന്തം കണ്ട് ഞാൻ ബയ്അത്തു ചെയ്തു.

കുട്ടികളുടെ പരിപാടികളുടേയും അവർക്കുനല്കുന്ന ശിക്ഷണത്തിന്റേയും സ്വാധീനവും ആളുകളിൽ ഉണ്ടാകാറുണ്ട്. ബെനിനിലെ മുബല്ലിഗ് എഴുതുന്നു: 'അത്തീസ(Atesse)യിൽ മസ്ജിദിന്റെ ഉൽഘാടനവേളയിൽ കുട്ടികൾ വിശുദ്ധ ഖുർആനും അറബി ഖസീദയും അവതരിപ്പിച്ചു. ആ അവസരത്തിൽ അയൽ ഗ്രാമത്തിലെ അനഹ്മദി ഇമാം ഇസ്ഹാഖ് സാഹിബ് പറഞ്ഞു:'കുട്ടികൾ അവതരിപ്പിച്ച വിശുദ്ധ ഖുർആനും അറബി ഖസീദയും എന്റെ ഹൃദയത്തെ വല്ലാതെ സ്വാധീനിച്ചു. അവർ കുട്ടിക്കാലംമുതലേ പഠിച്ചില്ലായിരുന്നെങ്കിൽ ഇത്ര നന്നായി അവതരിപ്പിക്കാൻ കഴിയുമായിരുന്നില്ല. ഇതിൽനിന്ന് മനസ്സിലാകുന്നു അഹ്മദിയ്യാ ജമാഅത്ത് കുട്ടികൾക്ക് നല്ല തർബിയ്യത്താണ് നല്കികൊണ്ടിരിക്കുന്നതെന്ന്. അവിടെ തന്റെ പ്രസംഗത്തിൽ പറഞ്ഞു: 'ഞാൻ മാതാപിതാക്കളോടു അപേക്ഷിക്കുകയാണ്, 'നിങ്ങളുടെ മക്കളെ തീർച്ചയായും മസ്ജിദിൽ അയച്ചുകൊണ്ടിരിക്കുക.' ഒരു ഭാഗത്ത് ഇസ്ലാം പഠിപ്പിക്കുന്നവർ കുട്ടികളെക്കൊണ്ട് ചാവേർ ആക്രമണം നടത്തിക്കുന്നുവെങ്കിൽ മറുഭാഗത്ത് അല്ലാഹുവിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്തിന്റെ തർബിയ്യത്തുകൊണ്ട് അന്യരും തങ്ങളുടെ കുട്ടികളെ തർബിയ്യത്തിനുവേണ്ടി ജമാഅത്തിന്റെ മസ്ജിദുകളിൽ അയക്കാൻ പറയുന്നു.

കുട്ടികൾക്ക് തർബിയ്യത്തുകൊടുത്ത് അവരെ ഇസ്ലാമികാധ്യാപനങ്ങൾ പഠിപ്പിക്കുക, സമൂഹത്തിന് ഫലപ്രദമായവരാക്കുക തുടങ്ങിയവ നമ്മുടെ ജോലികളാണ്. അതുകൊണ്ടാണ് തർബിയ്യത്ത് നല്കുന്നത്. ഇതിന്റെ ഫലമായും ജനങ്ങളിൽ ജമാഅത്തിന്റെ സ്വാധീനമുണ്ടാകുന്നു; ഞാൻ മുമ്പേയും ഉദാഹരണം നല്കിയതുപോലെ.

സിയറ ലിയോൺ (Sierra Leone) മറ്റൊരു രാജ്യമാണ്. അവിടെ ബോ (Bo)റീജ്യണിലെ ജമാഅത്ത് 'സാണി'ൽ നമ്മുടെ ഒരു മുഅല്ലിം കഠിനാധ്വാനത്തോടെ ജോലി ചെയ്തുവരുന്നു. അദ്ദേഹം തന്റെ ജമാഅത്തിൽ അഹ്മദി, ഗയ്ർ അഹ്മദി കുട്ടികളെ പഠിപ്പിക്കാൻ തുടങ്ങി. ഇതിൽ അദ്ദേഹം കുട്ടികളെ മതപരമായ അടിസ്ഥാനകാര്യങ്ങളാണ് പഠിപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ ക്ലാസുകളിൽ അനഹ്മദി കുട്ടിയും പങ്കെടുക്കാൻ തുടങ്ങി. അവന്റെ പേര് അഹ്മദ് കോൺടെ എന്നായിരുന്നു. ധാരാളം പഠിച്ചുകഴിഞ്ഞിരുന്നു. ഒരു ദിവസം ആ കുട്ടിയുടെ അനഹ്മദിയായ പിതാവ് അബ്ദുൽ, വുളു ചെയ്യുകയായിരുന്നു. അയാളുടെ 11, 12 വയസ്സുള്ള ഈ മകൻ അയാളുടെ അടുത്ത് പോയി. തന്റെ പിതാവിനോടു പറഞ്ഞു:താങ്കൾ ശരിയായ നിലയിലല്ല വുളു ചെയ്യുന്നത്. അതിനുശേഷം കുട്ടി മൊന്തയിൽ വെള്ളം നിറച്ചു കൊണ്ടുവന്നു. തന്റെ പിതാവിനെ ശരിയായ നിലയിൽ വുളു ചെയ്യേണ്ട രീതി മനസ്സിലാക്കിക്കൊടുത്തു. അതിനോടൊപ്പം വുളുവിന്റെ ദുആയും മസ്ജിദിൽ പ്രവേശിക്കുന്നതിന്റെ ദുആയും പഠിപ്പിച്ചു. അവന്റെ പിതാവ് ഇതെല്ലാം കണ്ട് വളരെ സന്തോഷിച്ചു. ഇതെല്ലാം നീ എവിടെന്നാണ് പഠിച്ചതെന്ന് അവനോടു ചോദിച്ചു. അഹ്മദിയ്യാ മസ്ജിദിൽ നടക്കുന്ന ക്ലാസുകളിൽ ഇതെല്ലാം പഠിപ്പിക്കുന്നുണ്ടെന്ന് അവൻ പറഞ്ഞു. അതുകേട്ട് അവന്റെ പിതാവും വളരെ സന്തോഷം പ്രകടിപ്പിച്ചു. നമ്മുടെ മുഅല്ലിം സാഹിബിന്റെ അടുക്കൽ വന്നു. അദ്ദേഹത്തോടുപറഞ്ഞു:'ഇന്നേക്കു ശേഷം എന്റെ മകനെ നിങ്ങളെ ഏല്പിക്കുകയാണ്. നിങ്ങൾക്കെങ്ങനെ വേണമെങ്കിലും അവനെ പ്രയോജനപ്പെടുത്താം. അവന് നല്ല ശിക്ഷണം നല്കിക്കൊണ്ടിരിക്കുക.' ഇക്കൂട്ടർ ഇപ്പോൾ അഹ്മദിയ്യത്ത് സ്വീകരിക്കാത്തവരാണ്. അവരിലും കുട്ടികൾക്ക് നല്കുന്ന ശിക്ഷണം സ്വാധീനം ചെലുത്തുന്നു. ഇക്കാര്യം എല്ലാ അഹ്മദി മാതാപിതാക്കളും ഓർമവെക്കേണ്ടതാണ്. ജമാഅത്ത് വ്യവസ്ഥിതിയേയും ഓർമവെക്കേണ്ടതാണ്. മുറബ്ബിമാരും മുഅല്ലിമുമാരും ഓർമവെക്കേണ്ടതാണ്; കുട്ടികളുടെ തർബിയ്യത്തിലേക്ക് പ്രത്യേകമായ നിലയിൽ ശ്രദ്ധ പതിപ്പിക്കുക. ഒരു വരുംതലമുറയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വമാണ്. ഇത് നമ്മെ ഏല്പിക്കപ്പെട്ടിട്ടുള്ള വളരെ വലിയ ഉത്തരവാദിത്വമാണ്. അന്യകുട്ടികൾ മുഖേന തബ്ലീഗിന്റേയും തർബിയ്യത്തിന്റേയും കൂടുതൽ വഴികൾ തുറക്കുന്നു.

അയൽവാസികളോടുള്ള കടമ നിറവേറ്റുക എന്നത് ഇസ്ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനമാണ്. വിശുദ്ധ ഖുർആനിലും അതിന്റെ കല്പനയുണ്ട്. നബി(സ)തിരുമേനിയും അതിൽ വളരെ ശക്തി ചെലുത്തിയിട്ടുണ്ട്. ഐവറികോസ്റ്റിൽനിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു:"ഒരു നവ അഹ്മദി അഡാമ(Adama)സാഹിബ് ഈ വർഷം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു. അദ്ദേഹം പറയുന്നു: 'അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന് മുമ്പേ മറ്റു അനഹ്മദി മസ്ജിദുകളിൽ ഞാൻ നമസ്കരിക്കാറുണ്ടാ

Website Design &
Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK
Linking Destinations TRAVEL CORPORATION
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

യിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് നെഗറ്റീവായിട്ടുള്ള കാര്യങ്ങൾ കേട്ടുകൊണ്ടിരുന്നതിനാൽ അഹ്മദിയ്യാ മസ്ജിദ് അടുത്തായിരുന്നിട്ടും മറ്റു മസ്ജിദുകളിൽപ്പോയി നമസ്കരിക്കാൻ മുൻഗണന നല്കിയിരുന്നു.' പറയുന്നു:ഒരിക്കൽ എനിക്ക് കഠിനമായ രോഗം പിടിപ്പെട്ടു. അപ്പോൾ അഹ്മദിയ്യാ ജമാഅത്തിലെ ഇമാം എന്നെ കാണാൻ വന്നു. ഇക്കാര്യം എന്റെ മനസ്സിനെ അസാധാരണമായി സ്വാധീനിച്ചു. സുഖം പ്രാപിച്ചതിനുശേഷം അഹ്മദിയ്യാ മസ്ജിദിൽപോയി നമസ്കരിക്കാൻ തുടങ്ങി. മസ്ജിദിൽ നടക്കുന്ന ദർസുകളും ഖുത്ബകളും മുഖേന അഹ്മദിയ്യത്തിൽ താൽപര്യം വർധിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിച്ചു. ഇന്നേതെങ്കിലും ജമാഅത്ത് വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയുടെ സുന്നത്തുമനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണെന്നതിൽ മനസ്സുറച്ചു. അങ്ങനെ ഞാൻ ബയ്അത്ത് ചെയ്തു. ബയ്അത്തുചെയ്ത കാരണത്താൽ എന്റെ മക്കളും ജമാഅത്തിനോടു താൽപര്യമുള്ളവരാകാൻ തുടങ്ങി. ഇപ്പോൾ പറയുന്നു: സെക്കന്ററി വിദ്യാഭ്യാസത്തിനുശേഷം ജാമിഅ അഹ്മദിയ്യായിൽ പഠിക്കണമെന്നതും വാഖ്ഫെ സിന്ദഗീ ആയിക്കൊണ്ട് ദീനിന് സേവനം ചെയ്യണമെന്നതും ഇപ്പോൾ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന എന്റെ മകന്റെ ആഗ്രഹമാണ്.'

എതിരാളികൾ നമ്മുടെ വഴികളിൽ തടസ്സങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും എതിർപ്പിന് ആക്കം കൂട്ടിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹു ഇതേപോലെ അവരുടെ വായടയ്ക്കുന്നതിനുള്ള സാഹചര്യങ്ങളുമുണ്ടാക്കുന്നു. പുതിയതായി ചേരുന്നവരുടെ ഈമാനിൽ വർധന ഉണ്ടാക്കുന്നതിനുള്ള സന്ദർഭങ്ങളും സൃഷ്ടിക്കുന്നു.

ഇന്ത്യയിലെ കർണാടകത്തിലെ യാദ്ഗീർ അമീർ സാഹിബ് എഴുതുന്നു:'കഴിഞ്ഞ വർഷം ഇവിടെ അനഹ്മദികളിൽനിന്ന് ശക്തമായ എതിർപ്പുണ്ടായി. എതിരാളികൾ പുറത്തുനിന്ന് ഉലമായെ വിളിച്ച് ജമാഅത്തിന്നെതിരിൽ പ്രസംഗം നടത്തിക്കൊണ്ടിരുന്നു. ഇന്ത്യയിലും പാക്കിസ്താനിലും ജമാഅത്തിന്നെതിരിലുള്ള എതിർപ്പ് പാരമ്യതയിലെത്തിയിരിക്കുകയാണ്. പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ അങ്ങേയറ്റം വൃത്തികെട്ടതും വ്യാജവുമായ ആക്ഷേപങ്ങൾ ഉന്നയിച്ചു. ജമാഅത്തിന്നെതിരിൽ പൊതുജനങ്ങളെ ഇളക്കിവിട്ടു. ഇതിനാൽ ചില ദുഷ്ടബുദ്ധികൾ ജമാഅത്തിലെ അംഗങ്ങളോടു അങ്ങേയറ്റം മോശമായി പെരുമാറാൻ തുടങ്ങി. ജമാഅത്തിന്നെതിരിൽ നോട്ടീസുകൾ പ്രസിദ്ധീകരിച്ചു. ആ ദിനങ്ങളിൽ ജമാഅത്തുമായി തികച്ചും ബന്ധം വിച്ഛേദിച്ചുനിന്ന ഒരാൾ-ജമാഅത്തുമായി ഒരുബന്ധവും വെക്കാൻ അയാൾ ആഗ്രഹിച്ചിരുന്നില്ല-ദൗർഭാഗ്യവശാൽ ജമാഅത്തിന് പുറത്തുപോയി. അയാൾക്ക് പണവും മറ്റും നല്കി പ്രലോഭിപ്പിച്ച് ശത്രുക്കൾ തങ്ങളോടൊപ്പം കൂട്ടി. അയാളെ പൂമാലയിട്ട് റോഡിലൂടെ ജാഥയായി കൊണ്ടുപോയി. തങ്ങൾ ഒരു ഖാദിയാനിയെ മുസ്ലിമാക്കി എന്ന് വിളിച്ചു പറഞ്ഞു. പത്രങ്ങളിൽ സത്യത്തിനുവിരുദ്ധമായ കാര്യങ്ങൾ പ്രസിദ്ധീകരിച്ചു. അയാൾ മുഖേന ജമാഅത്തിന്നെതിരിൽ ഒരുപാട് എതിർപ്പുണ്ടാക്കി. അയാളും ജമാഅത്തിന്നെതിരിൽ ചീത്ത പറഞ്ഞു. ഇതിനെക്കുറിച്ച് അയാളോടു ചോദിച്ചപ്പോൾ, താങ്കൾക്ക് എന്ത് ബുദ്ധിമുട്ടാണുള്ളതെന്ന് ചോദിച്ചപ്പോൾ താൻ പറഞ്ഞതൊന്നുമല്ല പത്രത്തിൽ വന്നതെന്ന് പറഞ്ഞു. തനിക്ക് ചില നിർബന്ധാവസ്ഥ ഉണ്ടെന്നും അതു പറയാൻ പറ്റില്ലെന്നും അറിയിച്ചു. അക്കാരണത്താലാണ് താൻ അവരോടൊപ്പം നില്ക്കുന്നതെന്നും പറഞ്ഞു. പറയുന്നു, ഇതിനുശേഷം ഒരു വർഷം കഴിഞ്ഞപ്പോൾ അല്ലാഹവിന്റെ ശിക്ഷയാൽ ഇയാൾ പിടിക്കപ്പെട്ടു. തികച്ചും ആരോഗ്യവാനായിരുന്നു അയാൾ. പെട്ടെന്ന് തലകറക്കം വന്നു വീണു. ഒരു ഭാഗത്തെ കൈയും കാലും തളർന്നു. അനഹ്മദികൾ ആരും അയാളെ സഹായിച്ചില്ല. നമ്മുടെ ഖുദ്ദാമാണ് ആ അവസരത്തിലും അയാൾക്ക് പ്രയോജനപ്പെട്ടത്. ആശുപത്രിയിൽ കൊണ്ടുംപോയുമിരുന്നു. ഇനി ജീവിക്കുക എന്നത് പ്രയാസമാണെന്ന് ഡോക്ടർ പറഞ്ഞു. അവസാനം തന്റെ പര്യവസാനത്തിലെത്തി. അദ്ദേഹത്തിന്റെ മൂത്ത മകൻ മുഖ്ലിസായ അഹ്മദിയാണ്. അദ്ദേഹത്തിന്റെ മകന്റെമേലും അനഹ്മദികൾ സമ്മർദം ചെലുത്തിയിരുന്നു. പക്ഷേ, അദ്ദേഹം ഉറച്ചു നില്ക്കുന്നു. പിതാവ് ജമാഅത്തിനെ എതിർത്ത കാരണത്താൽ തന്റെ പിതാവിന്റെ ജനാസയും മകൻ നമസ്കരിച്ചില്ല. അല്ലാഹു അദ്ദേഹത്തിന്റെ ഈമാനിൽ ശക്തി നല്കുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ചില സംഭവങ്ങളാണ് ഞാൻ സമർപിച്ചത്. ഇത്തരം നിരവധി സംഭവങ്ങളുണ്ട്. നമ്മൾ എപ്പോഴും അല്ലാഹുവിന്റെ കൃപാകടാക്ഷത്തെ ആകർഷിച്ചെടുത്തുകൊണ്ടിരിക്കുന്നവരാകട്ടെ. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരായിത്തീരട്ടെ. അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നല്കിക്കൊണ്ട് അല്ലാഹു നമ്മളിൽ ഔദാര്യം ചെയ്തിരിക്കുകയാണ്. അതിൽ ഉറച്ചു നിൽക്കാനും അല്ലാഹു സൗഭാഗ്യം നല്കുമാറാകട്ടെ. ഈമാനിലും ദൃഢജ്ഞാനത്തിലും വർധന നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

## അനുസ്മരണം

### ഏ.പി.അബ്ദുൽ ഹമീദ് സാഹിബ് പഴയങ്ങാടി

പഴയങ്ങാടി ജമാഅത്തംഗമായ ഏ.പി.അബ്ദുൽ ഹമീദ് സാഹിബ് 18-9-2016 ഞായറാഴ്ച വൈകുന്നേരം ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 78 വയസ്സായിരുന്നു. മർഹൂം കെ.അബ്ദുർറഹീം സാഹിബിന്റെ മകനാണ്. പിതാമഹൻ മർഹൂം എ.പി.അഹ്മദുകുട്ടി സാഹിബും മാതാമഹൻ മർഹൂം വളപ്പിനകത്ത് അബ്ദുല്ലാഹ് സാഹിബും പഴയങ്ങാടി ജമാഅത്തിന്റെ സ്ഥാപക നേതാക്കളിൽപ്പെട്ടവരാണ്.

കൂടാളി ജമാഅത്തിലെ മുൻകാല പ്രസിഡന്റായിരുന്ന മർഹൂം കെ.എം.മൊയ്തീൻ സാഹിബിന്റെ മകൾ ആമിനബി സാഹിബയാണ് ഭാര്യ. ദീർഘകാലം ഗൽഫിൽ ജോലി ചെയ്തിരുന്ന മർഹൂം അബ്ദുൽ ഹമീദ് സാഹിബ് പഴയങ്ങാടിയിൽ സ്ഥിരതാമസമാക്കുകയും ജമാഅത്തുമായി നല്ല ബന്ധം പുലർത്തി വരികയുമായിരുന്നു.

മക്കൾ: റഹീന കരീം, നസീം അഹ്മദ്, ശമീം അഹ്മദ്. മരുമക്കൾ: അബ്ദുൽ കരീം, ശർബിന, ശിജാറത്ത്. സഹോദരങ്ങൾ: എ.പി. നൂറുദ്ദീൻ, സൈനുദ്ദീൻ, ശംസുദ്ദീൻ, മുബാറക് അഹ്മദ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നല്കുമാറാകട്ടെ.

# ദുആ ചെയ്യാനും നഫ്‌ലുകൾ അനുഷ്ഠിക്കാനും നിങ്ങൾ റമളാൻ കാത്തിരിക്കുകയാണോ?

അമീറുൽ മുഅ്മിനീൻ പറയുന്നു: "ആരാധനകളിലേക്കും നന്മകളിലേക്കും റമളാനിലുണ്ടായ നമ്മുടെ ശ്രദ്ധയിൽ സ്ഥിരത കൈവരിക്കുമെന്ന് നമ്മൾ പ്രിജ്ഞ ചെയ്യേണ്ടതാണ്; അടുത്ത റമളാന്റെ തയ്യാറെടുപ്പിനും സ്വാഗതം ചെയ്യുന്നതിനും നമ്മുടെ തുടർച്ചയായുള്ള തർബിയ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നതിനുവേണ്ടി. നമ്മൾ അടുത്ത റമളാനിൽ പ്രവേശിക്കുമ്പോൾ ഒരു നില തരണം ചെയ്തു കഴിഞ്ഞിട്ടുണ്ടാവണം. പിന്നീട് അടുത്ത റമളാനിൽനിന്ന് വിജയിയായി പുറത്തുവരുന്നതിന് പുതിയ ലക്ഷ്യവും പുതിയ ടാർഗറ്റും നിശ്ചയിക്കുക; നന്മ കളിൽഅഭിവൃദ്ധിപ്പെട്ടവരായിക്കൊണ്ട് മുന്നോട്ടുപോകുന്നവരാകാനും അല്ലാഹുവിനോടു കൂടുതൽ അടുത്തവരാകാനും അവന്റെ അസ്തിത്വത്തെ കുറിച്ച് കൂടുതൽ ഗ്രാഹ്യമുണ്ടാകുന്നവരാകാനുംവേണ്ടി. അല്ലാഹുവിന്റെ സാമീപ്യത്തിനുള്ള ധാരാളം നിലകൾ തരണം ചെയ്യേണ്ട ഒരുപാടാളുകൾ നമ്മളിലുണ്ട്. നമ്മൾ എല്ലാ നിലകളും തരണം ചെയ്തുവെന്ന് നമുക്ക് പറയാൻപറ്റുകയില്ല. ആ നിലകൾ തരണം ചെയ്യുന്നതിന് നമ്മൾ വെറും റമളാൻമാത്രം പ്രതീക്ഷിച്ചുകൊണ്ടിരുന്നാൽ പിന്നീട് അതിൽ ആയുസ്സു കഴിഞ്ഞുപോകും. നമ്മുടെ ഉദ്ദേശ്യവും നമ്മുടെ ഗോളും(goal) ടാർഗറ്റും കരസ്ഥമാകാതെ പോയേക്കാം. ആയുസ്സ് കഴിഞ്ഞുപോയിട്ടും അത് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ടാവില്ല. എന്നല്ല ഒരു വർഷത്തെ കർമമില്ലാത്ത കാലം ആദ്യ ദിവസം നമ്മൾ എവിടെയാണോ നിന്നത് അവിടേക്കു തന്നെ തിരിച്ചു കൊണ്ടുപോകുന്നതാണ്."






### ഇർശാദുന്നബ്‌വി(സ)

"നമസ്കാരം അതിന്റെ നിശ്ചിത സമയത്ത് നിർവഹിക്കലാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട അമൽ അഥവാ കർമം."(ബുഖാരി)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

### ഇർശാദുന്നബ്‌വി(സ)

'സ്ത്രീ സമൂഹമേ! നിങ്ങളുടെ ആഭരണത്തിൽ നിന്നെങ്കിലും നിങ്ങൾ വല്ലതും ധർമം ചെയ്തുകൊള്ളുക." (ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

### ഇർശാദുന്നബ്‌വി(സ)

"മാതൃ സഹോദരികൾ മാതാവിന്റെ സ്ഥാനത്താകുന്നു." (അതുകൊണ്ട് ഉമ്മയെപ്പോലെ അവരോടു പെരുമാറണം) (തുർമുദി)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി
ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 29 September Issue-30

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**എല്ലാ അഹ്മദിയും നിത്യവും തങ്ങളുടെ അഞ്ചുനേര നമസ്കാരങ്ങൾ സംരക്ഷിക്കേണ്ടതാണ്. അവ സമയത്ത് ജമാഅത്തോടുകൂടി നിർവഹിക്കേണ്ടതാണ്.**

**നിങ്ങൾ എന്റെ ജുമുഅ ഖുത്ബകളും മറ്റു സുപ്രധാന പരിപാടികളിലെ പ്രസംഗങ്ങളും മുടങ്ങാതെ കേൾക്കണമെന്ന് ഞാൻ ഊന്നിപ്പറയുകയാണ്. ഇതുമുഖേന നിങ്ങളുടെ ഖിലാഫത്തിന്റെ അനുഗൃഹീത വ്യവസ്ഥിതിയിലും സ്നേഹ ബന്ധത്തിലും ദൃഢത ഉണ്ടാകുന്നതാണ്.**

**നിങ്ങളുടെ മക്കൾക്കും ഖിലാഫത്തിന്റെ പ്രത്യേക കൃപാകടാക്ഷങ്ങളെ സംബന്ധിച്ച് പറഞ്ഞുകൊടുക്കുകയും കാലത്തിന്റെ ഖലീഫയുമായി ബന്ധം സ്ഥാപിച്ചുനിറുത്തുന്നതിനും വാക്കുപാലനം അതുപോലെതന്നെ നിലനിറുത്തുന്നതിനും പ്രോത്സാഹനം നല്കുകയും ചെയ്യേണ്ടതുമാണ്.**

**ഞാൻ ആഗ്രഹിക്കുന്നത് നമ്മുടെ ജമാഅത്തിലെ അംഗങ്ങൾ എപ്പോഴും തങ്ങളുടെ പരിഷ്കരണത്തിന്ന് ശ്രമിച്ചുകൊണ്ടിരിക്കണമെന്നും തഖ്വയുടെ ഉന്നതമായ നില കരസ്ഥമാക്കണമെന്നുമാണ്. നിങ്ങൾ നിങ്ങളുടെ ആത്മീയാവസ്ഥകൾ മെച്ചപ്പെടുത്തിയില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സത്യവാനായി മനസ്സിലാക്കിയതിന് ഒരു ഫലവുമുണ്ടാകുകയില്ല.**

## മധ്യഅമേരിക്കയിലെ ബെലീസ്(Belize)അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ അമീറുൽമുഅ്മിനീന്റെ സന്ദേശം

ബെലീസ്(Belize) അഹ്മദിയ്യാ ജമാഅത്തിന്റെ (മധ്യഅമേരിക്ക) രണ്ടാമത്തെ ദ്വിദിന ജൽസസാലാന (വാർഷിക സമ്മേളനം) 2016 ജനുവരി 30,31 തിയതികളിൽ ഗേറ്റവെ യൂത്ത് സെൻട്രൽ ബെലീസ് സിറ്റിയിൽ സംഘടിപ്പിച്ചു. ഈ ജൽസയിൽ 110 പ്രതിനിധികൾ പങ്കെടുത്തു. ഇതിൽ 42 ജമാഅത്തംഗങ്ങളും 68 അനഹ്മദി അതിഥികളുമായിരുന്നു. ജൽസയിൽ പങ്കെടുത്ത മുഖ്യാതിഥികളിൽ ബെലീസ് സിറ്റിയുടെ മേയർ തന്റെ പ്രസംഗത്തിൽ പറഞ്ഞു:'ഇസ്ലാമിനെക്കുറിച്ച് എന്റെ മനസ്സിലുണ്ടായിരുന്ന തെറ്റായ ധാരണകൾ ഇസ്ലാം അഥവാ അഹ്മദിയ്യത്തുമുഖേന അകന്നു. ഇസ്ലാം ഒരു സമാധാന നിർഭരമായ മതമാണെന്ന് ഇപ്പോൾ ഞാൻ ദൃഢമായും വിശ്വസിക്കുന്നു.' മിനിസ്റ്റർ ഓഫ് എഡ്യുക്കേഷൻ യൂത്ത് ആന്റ് സ്പോർട്ട്സ് ജനാബ് പീട്രിക് ഫെയർ പറഞ്ഞു: 'അഹ്മദികളെ അവരുടെ സ്വന്തമാളുകൾ രാജ്യത്തുനിന്ന് പുറത്താക്കി. പക്ഷേ, ഞങ്ങൾ നിങ്ങളെ ഈ രാജ്യത്ത് സ്വാഗതം ചെയ്യുന്നു. പൂർണമായ സ്വാതന്ത്ര്യം നല്കുന്നതുമാണ്.' ജൽസയിൽ പങ്കെടുത്ത അതിഥികൾക്ക് അമീറുൽമുഅ്മിനീ ൻ സന്ദേശമയച്ചിരുന്നു. അനുവാചകർക്കായി അവ താഴെ രേഖപ്പെടുത്തുകയാണ്. വിശദമായ റിപ്പോർട്ട് ലണ്ടനിൽനിന്ന് പ്രസിദ്ധീകരിക്കുന്ന അൽഫള്ൽ ഇന്റർ നാഷണലിൽ 2016 ജൂലായ് 29 ലക്കത്തിൽ വായിക്കാവുന്നതാണ്. (എഡിറ്റർ)

ബെലീസ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ പ്രിയപ്പെട്ട അംഗങ്ങളേ! അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു

നിങ്ങൾ 2016 ജനുവരി 30 ന് നിങ്ങളുടെ രണ്ടാമത് ജൽസസാലാന സംഘടിപ്പിക്കുന്നുവെന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അല്ലാഹു അവന്റെ കൃപാകടാക്ഷത്താൽ നിങ്ങളുടെ ജൽസ വൻവിജയമാക്കിത്തീർക്കുമാറാകട്ടെ. മുത്തഖിയായ ആളുകളുടെ ഈ പ്രത്യേക സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാവരും മഹത്തായ ആത്മീയ കൃപാവരം കരസ്ഥമാക്കുന്നവരാകട്ടെ.

അല്ലാഹുവിന്റെ കൃപയാൽ നിങ്ങളുടെ ബയ്അത്ത് നിങ്ങൾ സമർപിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിച്ചിരിക്കുന്നു. നിങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിന്റെ രണ്ടു അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ ഹൃദിസ്തമാക്കിയിരിക്കേണ്ടതാണ്. ഒന്നാമത്തേത് അല്ലാഹുവുമായി അഗാധ ബന്ധം ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന മുഅ്മിനീംകളുടെ ഒരു ജമാഅത്താണ് രൂപീകരിച്ചിട്ടുള്ളത്. അവരുടെ ജീവിതോദ്ദേശ്യം അവനെ ആരാധിക്കുക എന്നതാണ്. രണ്ടാമത്തേത് അവർ മനുഷ്യകുലത്തിന് സേവനം ചെയ്യുന്നവരും ഇസ്ലാമിന്റെ സവിശേഷ ഗുണങ്ങളും നന്മകളും മുഴുലോകത്തും പ്രചരിപ്പിക്കുന്നവരുമായിരിക്കണം.

വിശുദ്ധ ഖുർആനിൽ മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കലും അവന്റെ സാമീപ്യം പ്രാപിക്കലുമാണ് പറയപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് ആരാധനകളുടെ ഉത്തമമായ മാർഗം നമസ്കാരമാണ്. അതിനാൽ എല്ലാ അഹ്മദിയും നിത്യവും തങ്ങളുടെ അഞ്ചുനേര നമസ്കാരങ്ങൾ സംരക്ഷിക്കേണ്ടതാണ്. അവ സമയത്ത് ജമാഅത്തോടുകൂടി നിർവഹിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"ഞാൻ വീണ്ടും പറയുകയാണ്, അല്ലാഹുവിനോടു സത്യമായ ബന്ധവും യഥാർഥമായ അടുപ്പവും നിലനിറുത്താനാഗ്രഹിക്കുന്നെങ്കിൽ നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കുക. എങ്ങനെ അനുഷ്ഠിക്കണമെന്നാൽ നിങ്ങളുടെ ശരീരം-നിങ്ങളുടെ നാവല്ല-നിങ്ങളുടെ ആത്മാവിന്റെ ഇച്ഛകളും വികാരങ്ങളുമെല്ലാം സദാ നമസ്കാരമായിത്തീരണം." (മൽഫൂദാത്ത് വാള്യം 1 പേജ് 170)

മനുഷ്യകുലത്തിന് സേവനം ചെയ്യുന്നതിനെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തംഗങ്ങളെ കുറിച്ച് പറയുന്നു:"അവർ ദരിദ്രജനതയോടു സഹതാപമുള്ളവരാകണം. അവരുടെ അഭയമായിത്തീരേണ്ടതാണ്. യതീംകളുടെ പിതാവെന്ന നിലയിലായിത്തീരേണ്ടതാണ്. ഇസ്ലാമിക പ്രവർത്തനങ്ങൾ ചെയ്യുന്നതിന് പ്രേമാധിക്യമുള്ളവനെപ്പോലെ അലിഞ്ഞു ചേരാൻ തയ്യാറായിരിക്കണം. അവരുടെ പൊതു അനുഗ്രഹങ്ങൾ ലോകത്ത് പ്രചരിക്കണമെന്ന കാര്യത്തിനായിരിക്കണം അവരുടെ മുഴുവൻ പ്രവർത്തനങ്ങളും. ദൈവസ്നേഹത്തിന്റേയും മനുഷ്യരോടുള്ള സഹതാപത്തിന്റേയും പരിശുദ്ധ അരുവി എല്ലാ മനസ്സുകളിൽനിന്നും പുറപ്പെട്ട് ഒരിടത്ത് സമ്മേളിച്ച് ഒരു നദിയെന്നപോലെ ഒഴുകുന്നതായി കാണുമാറാകട്ടെ. കാരണം ലോകത്ത് ദൈവസ്നേഹവും ശരിയായ പശ്ചാത്താപവും പരിശുദ്ധിയും യഥാർഥ നന്മയും ശാന്തിയും അറിവും മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയും വ്യാപിക്കുന്നതിനുവേണ്ടി അല്ലാഹു ഈ സംഘത്തെ തന്റെ പ്രതാപം വെളിപ്പെടുത്തുന്നതിനും തന്റെ ശക്തിപ്രഭാവം കാണിക്കുന്നതിനും പിന്നീട് അഭിവൃദ്ധി നല്കുന്നതിനും ആഗ്രഹിച്ചു." (മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 1 പേജ് 197-198)

നിങ്ങൾ എന്റെ ജുമുഅ ഖുത്ബകളും മറ്റു സുപ്രധാന പരിപാടികളിലെ പ്രസംഗങ്ങളും മുടങ്ങാതെ കേൾക്കണമെന്ന് ഞാൻ ഊന്നിപ്പറയുകയാണ്. ഇതുമുഖേന നിങ്ങളുടെ ഖിലാഫത്തിന്റെ അനുഗൃഹീത വ്യവസ്ഥിതിയിലും സ്നേഹബന്ധത്തിലും ദൃഢത ഉണ്ടാകുന്നതാണ്. നിങ്ങളുടെ മക്കൾക്കും ഖിലാഫത്തിന്റെ പ്രത്യേക കൃപാകടാക്ഷങ്ങളെ സംബന്ധിച്ച് പറഞ്ഞുകൊടുക്കുകയും കാലത്തിന്റെ ഖലീഫയുമായി ബന്ധം സ്ഥാപിച്ചുനിറുത്തുന്നതിനും വാക്കുപാലനം അതുപോലെതന്നെ നിലനിറുത്തുന്നതിനും പ്രോത്സാഹനം നല്കുകയും ചെയ്യേണ്ടതുമാണ്. ഇക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ പുനരുദ്ധാരണ പ്രവൃത്തി ഖിലാഫത്തു വ്യവസ്ഥിതിയുമായി ബന്ധംവെച്ചുമാത്രമേ ഉണ്ടാകുകയുള്ളു. അതുകൊണ്ട് നിങ്ങളെപ്പോഴും ഈ പരിശുദ്ധ വ്യവസ്ഥിതിയെ ശക്തിപ്പെടുത്തുന്നതിന് ചുവടുവച്ചുകൊണ്ടിരിക്കുക. നിങ്ങളും നിങ്ങളുടെ വരുംതലമുറയും അഹ്മദിയ്യ ഖിലാഫത്തിന്റെ അനുഗൃഹീത നേതൃത്വത്തിന്റെ തണലിൽ തഴച്ചുവളരുന്നവരായിരിക്കട്ടെ.

ഞാൻ ആഗ്രഹിക്കുന്നത് നമ്മുടെ ജമാഅത്തിലെ അംഗങ്ങൾ ലോകമുസ്ലീംകൾക്ക് ഏറ്റവും ഉന്നതമായ മാതൃകയാകുന്നതിനുവേണ്ടി എപ്പോഴും തങ്ങളുടെ പരിഷ്കരണത്തിന്ന് ശ്രമിച്ചുകൊണ്ടിരിക്കണമെന്നും തഖ്വയുടെ ഉന്നതമായ നില കരസ്ഥമാക്കണമെന്നുമാണ്. അതുകൊണ്ട് ഞാൻ നിങ്ങളെ എന്റെ പ്രസംഗങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് ഓർമപ്പെടുത്തിയിരുന്നതുപോലെ നിങ്ങളുടെ ആത്മപരിശോധനയക്കും പരിഷ്കരണത്തിനും നിങ്ങളുടെ പ്രവർത്തനങ്ങളിൽ തുടർച്ചയായ പുരോഗതിക്കും ആവശ്യമുണ്ട്. നിങ്ങൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. നിത്യവും നിങ്ങളുടെ കർമങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തംഗങ്ങളെ കാണാനാഗ്രഹിച്ച ഏറ്റവും ഉന്നതമായ പദവിയുടെ അടുത്തെത്താൻ നിത്യവുമുള്ള സ്വഭാവവും കർമങ്ങളും മെച്ചപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുക. നിങ്ങൾ നിങ്ങളുടെ ആത്മീയാവസ്ഥകൾ മെച്ചപ്പെടുത്തിയില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സത്യവാനായി മനസ്സിലാക്കിയതിന് ഒരു ഫലവുമുണ്ടാകുകയില്ല. അല്ലാഹു നിങ്ങളുടെ ജൽസസാലാന വിജയപ്രദമാക്കുമാറാകട്ടെ. തഖ്വയിലും ആത്മീയമായ പദവിയിലും നിങ്ങളുടെ ഉന്നതമായ അഭിവൃദ്ധിക്ക് ഈ ജൽസ കാരണമായിത്തീരട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്ത ദുആയോടുകൂടി ഞാൻ അവസാനിപ്പിക്കുകയാണ്. അവിടന്ന് പറയുന്നു:'ഞാൻ ദുആ ചെയ്യുന്നു. ഈ ജൽസയിൽ പങ്കെടുക്കുന്നതിന് യാത്രചെയ്യുന്നവരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുകയും ചെയ്യട്ടെ. അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാസ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അവരുടെ സദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെടുമാറാകട്ടെ. ഉയിർത്തെഴുന്നേല്പു നാളിൽ അവർ അല്ലാഹുവിന്റെ അനുഗൃഹീത ദാസരോടൊപ്പം എഴുന്നേല്പ്പിക്കപ്പെടുകയും അവരുടെ യാത്രാന്ത്യത്തോടെ അവർക്കുശേഷം അവരുടെ പ്രതിനിധികളുണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. മഹത്ത്വമുടയവനും മഹാഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ! ഈ എല്ലാ ദുആകളും നീ സ്വീകരിച്ചരുളിയാലും. ഞങ്ങൾക്ക് ഞങ്ങളുടെ എതിരാളികളുടെ മേൽ വ്യക്തമായ അടയാളങ്ങൾകൊണ്ട് നീ വിജയം നല്കിയാലും. ആമീൻ ഥുമ്മ ആമീൻ'(1892 ഡിസംബർ7)

വസ്സലാം
നിങ്ങളുടെ സ്നേഹിതൻ
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin